NERVEEDHI
Volume - 15, Issue - 06, 10th June 2026, Monthly, Published at Kottayam
വാല്യം – 15, ലക്കം – 06, 10 ജൂൺ 2026 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



# നാം ക്രൂശീകരിക്കപ്പെട്ടുവോ?

പേജ് 7

Editorial

# വേരുകൾ ആഴത്തിലിറങ്ങിച്ചെല്ലട്ടെ

മണ്ണിൽ നിൽക്കുന്ന എല്ലാ വൃക്ഷങ്ങളും ഒരുപോലെയല്ല. ചിലത് കാലാവസ്ഥയുടെ ചെറിയ മാറ്റങ്ങളിൽപ്പോലും വാടിപ്പോകും. ചിലത് വേനൽക്കാലത്തെ ചൂടിൽ ബാഷ്പീകരണത്തിലൂടെ ജലാംശം ദോഷകരമായ വിധത്തിൽ നഷ്ടപ്പെടാതിരിപ്പാൻ ഇല കൊഴിച്ച് അതിജീവിക്കുന്നു. എന്നാൽ ചില വൃക്ഷങ്ങൾ വേനലിന്റെ കൊടുംചൂടിലും പച്ചപ്പിനെ നഷ്ടപ്പെടുത്തുന്നില്ല. അതിന്റെ രഹസ്യം ഭൂമിയുടെ ആഴങ്ങളിൽ വെള്ളം ലഭ്യമാകുവോളം ആഴത്തിൽ ഇറങ്ങിയ വേരുകളാണ്. ഇങ്ങനെയുള്ള വൃക്ഷങ്ങളെ 'ഇല വാടാത്ത വൃക്ഷം' എന്ന് തിരുവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. പാറസ്ഥലത്ത് ഏറെമണ്ണില്ലാത്ത ഇടത്ത് വീണ വിത്ത് വേഗത്തിൽ മുളച്ചു എങ്കിലും നനവില്ലാത്തതിനാൽ ഉണങ്ങിപ്പോയി. ഇന്നും മോക്ഷയാത്രക്കാർ തരണം ചെയ്യേണ്ടുന്ന ചുട്ടെരിക്കുംവിധത്തിൽ എരിപൊരി കൊള്ളിക്കുന്ന പ്രതിസന്ധികളാണ് ആത്മികലോകത്ത് വ്യാപകമായി കാണുന്നത്.

അന്തിമകാലത്ത് ദുരന്തകലുഷിതമായ നാളുകൾ ഉണ്ടാകും എന്ന് നാം അറിയണം. മനുഷ്യർ സ്വാർഥരും ധനമോഹികളും വീമ്പിളക്കുന്നവരും അഹങ്കാരികളും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും നാസ്തികരും മനുഷ്യത്വമില്ലാത്തവരും കൊടുംക്രൂരരും അപഖ്യാതി പരത്തുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും നിഷ്ഠുരരും സദ്ഗുണവൈരികളും ആയിത്തീരും. അവർ വഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും മതിമറന്ന് അഹങ്കരിക്കുന്നവരും ദൈവത്തെ സ്നേഹിക്കുന്നതിനു പകരം സുഖത്തെ സ്നേഹിക്കുന്നവരും ഭക്തിയുടെ ബാഹ്യരൂപം പുലർത്തി അതിന്റെ ശക്തിയെ നിഷേധിക്കുന്നവരും ആയിരിക്കും. ഇത്തരം അതിരൂക്ഷമായ പ്രതിസന്ധികളിൽ നിന്നും രക്ഷപ്പെടുവാനുള്ള മാർഗ്ഗം ഇങ്ങനെയുള്ളവരിൽനിന്ന് അകന്നുനിൽക്കുക എന്നതാണ്.

ക്രിസ്തുയേശുവിനെ നാം കർത്താവായി സ്വീകരിച്ചിരിക്കുന്നതിനാൽ അവിടത്തോടുള്ള കൂട്ടായ്മയിൽ ജീവിക്കുക. ക്രിസ്തുവിൽ നമ്മുടെ വേരുകൾ ആഴത്തിൽ ഇറങ്ങിച്ചെല്ലട്ടെ. ക്രിസ്തുവെന്ന അടിസ്ഥാനത്തിന്മേലായിരിക്കട്ടെ നമ്മുടെ ജീവിതം പണിതുയർത്തുന്നത്. നമ്മെ ഉപദേശിച്ചിട്ടുള്ളതുപോലെ വിശ്വാസത്തിൽ ഉറച്ചുകൊണ്ട് ഹൃദയത്തിൽ സ്തോത്രം നിറഞ്ഞുകവിയട്ടെ. യേശു പറഞ്ഞത്: ദാഹിക്കുന്ന ഏതൊരാളും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽനിന്ന്, തിരുവെഴുത്തിൽ പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും എന്നാണ്. ഈ ജീവജലനദിയിൽനിന്നും വേണം ആത്മികപോഷണത്തിനാവശ്യമായ ജീവജലം നാം പാനം ചെയ്യേണ്ടത്. ഈ ലക്കത്തിലെ സന്ദേശം നമ്മോടറിയിക്കുന്ന പ്രധാന ദൂത് ഇതാണ്.

എല്ലാ ലേഖനങ്ങളും യേശുകർത്താവിലാശ്രയിച്ച് തന്റെ വരവിനായി ഒരുങ്ങുന്നതിലേക്കു നമ്മെ ഓർപ്പിച്ചുണർത്തുന്നു. വിശ്വാസത്യാഗത്തിന്റെ നാളുകളിൽ വന്നെത്തിയിരിക്കുന്നതിനാൽ വളരെ സൂക്ഷ്മതയോടും ജാഗ്രതയോടും 'വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ' മാത്രം ശ്രദ്ധിച്ചും ധ്യാനിച്ചും കൊണ്ട് മുന്നേറുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സജ്ജരാക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം മാസിക സമർപ്പിക്കുന്നു.

പുസ്തകം 15 ലക്കം 6
ജൂൺ2026

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos

**ചെയ്യുന്നതൊക്കെയും സാധിക്കും** 4
ജോയ് എം. തോമസ്

**നാം ക്രൂശീകരിക്കപ്പെട്ടുവോ?** 7
സാജു മാത്യു

**സാക്ഷ്യം പ്രാപിച്ചവർ...** 9
ചെയ്സ് ജോസഫ്

**ഗോൽഗോഥാ മലമുകളിൽ എത്തിയപ്പോൾ** 11
ബെഞ്ചമിൻ വർഗീസ്

**സഹോദരിമാർ ദൈവപദ്ധതികളിലെ...** 13
ഫ്രാൻസിസ് ഫ്രാങ്കിപ്പെൻ

**ഗാനപശ്ചാത്തലം** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**ക്രൂശിൻ മറവിൽ** 18
മനു എം.എം

**വനിതാവീഥി** 20

**ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ശക്തി** 22
ബില്ലിഗ്രഹാം

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 29

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ചെയ്യുന്നതൊക്കെയും സാധിക്കും

തങ്ങൾ ചെയ്യുന്നതൊക്കെയും സാധിക്കുന്ന ഒരു കൂട്ടരെക്കുറിച്ച് ഒന്നാം സങ്കീർത്തനത്തിൽ പ്രതിപാദിച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്. ആരാണ് അവർ? എന്താണ് അവരുടെ പ്രത്യേകത? അവരെപ്പോലെ ആകുവാൻ നമുക്കും കഴിയുമോ? *'ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ, ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായിക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും (സങ്കീർത്തനം 1: 1 - 3).*

'ദുഷ്ടന്മാർ' 'പാപികൾ' 'പരിഹാസികൾ' എന്നു വിളിച്ചിരിക്കുന്നത് അനാത്മികരെ ആണെന്ന് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. ഈ ലോകത്തിലുള്ള മുഴുവൻ മനുഷ്യരെയും ബൈബിൾ തരം തിരിക്കുന്നത് ആത്മീയതയോടുള്ള ബന്ധത്തിൽ മാത്രമാണ്. ദുഷ്ടന്മാർ എന്നും, നീതിമാന്മാർ എന്നുമാണ് അവരെ തരം തിരിച്ചിരിക്കുന്നത്. സ്രഷ്ടാവും ഉടയവനുമായ ദൈവത്തെ അന്വേഷിക്കുകയും അവിടത്തെ വഴികളിൽ നടക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നവരാണ് നീതിമാന്മാർ. 'അവർ ചെയ്യുന്നതൊക്കെയും സാധിക്കും' എന്ന് നീതിമാന്മാരെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്.

ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെ, പാപികളുടെ വഴിയിൽ നിൽക്കാതെ, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെ, വ്യത്യസ്തരായിരിക്കുന്നവരാണ് നീതിമാന്മാർ. അവിശ്വാസമുള്ള ഹൃദയം ദുഷ്ടഹൃദയമാണ്(എബ്രായർ 3: 12). വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല (എബ്രായർ 11: 6). ദൈവത്തിലുള്ള ആശ്രയബോധത്തിൽ നിന്നാണ് ശരിയായ ആലോചനകൾ ഉണ്ടാകുന്നത്. അനാത്മികരുടെ ആലോചനകൾ മനുഷ്യബുദ്ധിയിൽ നിന്നും സ്വയാശ്രയത്തിൽ നിന്നും ആണ്. അതിൽ അസൂയയും മത്സരവും കപടവും കുരുട്ടുബുദ്ധിയും ഒക്കെയുണ്ട്. ആത്മികൻ ഇതിൽനിന്നെല്ലാം അകലം പാലിക്കുന്നു.

ദുഷ്ടന്മാരുടെ അതായത് അനാത്മികരുടെ ആലോചനകൾ കേൾക്കുന്നവർ ചെന്നെത്തുന്നത് പാപികളുടെ വഴിയിലാണ്. ദൈവത്തിന്റെ വഴിവിട്ട് താന്താങ്ങളുടെ വഴിയിൽ നടക്കുന്നവരെയാണ് ബൈബിൾ 'പാപികൾ' എന്നു പറയുന്നത്. നിത്യനാശമായ നരകത്തിലേക്കുള്ളതാണ് ആ വഴി. അതിലൂടെ യാത്ര ചെയ്യുന്നവർ വിശ്രമം

കണ്ടെത്തുന്നത് പരിഹാസികളുടെ ഇരിപ്പിടത്തിലാണ്. ശരിയായ ദൈവവിശ്വാസവും ആത്മിക ജീവിതവും അവർക്ക് പരിഹാസവിഷയം ആണ്. ഭക്തരായി ജീവിക്കുന്ന നീതിമാന്മാരെ അവർ പരിഹസിച്ച് നിരുത്സാഹപ്പെടുത്തുവാൻ നോക്കുന്നു.

എന്നാൽ നീതിമാൻ സ്വയം സൂക്ഷിക്കുന്നവനാണ്. നീതിമാന്മാർ ആനന്ദം കണ്ടെത്തുന്നത് ദൈവത്തിന്റെ കൽപ്പനകളിൽ ആണ്. കാരണം ദൈവത്തിന്റെ വചനം അവർക്ക് നിത്യജീവന്റെ മൊഴികളും കാലിന് ദീപവും പാതയ്ക്കു പ്രകാശവും ആകുന്നു. ദൈവവചനം രാവും പകലും ധ്യാനിക്കുന്നത് അവരുടെ സ്വഭാവവും ആനന്ദവും ആയിരിക്കുന്നു. അവരുടെ ഏറ്റുപറച്ചിൽ ഇപ്രകാരമാണ്: 'യഹോവേ, നിന്റെ ചട്ടങ്ങളുടെ വഴി എന്നെ ഉപദേശിക്കേണമേ; ഞാൻ അതിനെ അവസാനത്തോളം പ്രമാണിക്കും. ഞാൻ നിന്റെ ന്യായപ്രമാണം കാക്കേണ്ടതിനും അതിനെ പൂർണഹൃദയത്തോടെ പ്രമാണിക്കേണ്ടതിനും എനിക്കു ബുദ്ധി നല്കേണമേ. നിന്റെ കല്പനകളുടെ പാതയിൽ എന്നെ നടത്തേണമേ; ഞാൻ അതിൽ ഇഷ്ടപ്പെടുന്നുവല്ലോ. ദുരാദായത്തിലേക്കല്ല, നിന്റെ സാക്ഷ്യങ്ങളിലേക്കു തന്നെ എന്റെ ഹൃദയം ചായുമാറാക്കേണമേ. വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ചു നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ. നിന്നോടുള്ള ഭക്തിയെ വർധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കേണമേ. ഞാൻ പേടിക്കുന്ന നിന്ദയെ അകറ്റിക്കളയേണമേ; നിന്റെ വിധികൾ നല്ലവയല്ലോ. ഇതാ, ഞാൻ നിന്റെ പ്രമാണങ്ങളെ വാഞ്ഛിക്കുന്നു; നിന്റെ നീതിയാൽ എന്നെ ജീവിപ്പിക്കേണമേ. യഹോവേ, നിന്റെ വചനപ്രകാരം നിന്റെ ദയയും നിന്റെ രക്ഷയും എങ്കലേക്കു വരുമാറാകട്ടെ. ഞാൻ നിന്റെ വചനത്തിൽ ആശ്രയിക്കുന്നതുകൊണ്ട് എന്നെ നിന്ദിക്കുന്നവനോട് ഉത്തരം പറവാൻ ഞാൻ പ്രാപ്തനാകും. ഞാൻ നിന്റെ വിധികൾക്കായി കാത്തിരിക്കയാൽ സത്യത്തിന്റെ വചനം എന്റെ വായിൽനിന്നു നീക്കിക്കളയരുതേ. അങ്ങനെ ഞാൻ നിന്റെ ന്യായപ്രമാണം ഇടവിടാതെ എന്നേക്കും പ്രമാണിക്കും. നിന്റെ പ്രമാണങ്ങളെ ആരായുന്നതുകൊണ്ട് ഞാൻ വിശാലതയിൽ നടക്കും. ഞാൻ ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും നിന്റെ സാക്ഷ്യങ്ങളെക്കുറിച്ചു സംസാരിക്കും. ഞാൻ നിന്റെ കല്പനകളിൽ പ്രമോദിക്കുന്നു; അവ എനിക്കു പ്രിയമായിരിക്കുന്നു. എനിക്കു പ്രിയമായിരിക്കുന്ന നിന്റെ കല്പനകളിലേക്കു ഞാൻ കൈകളെ ഉയർത്തുന്നു, നിന്റെ ചട്ടങ്ങളെ ഞാൻ ധ്യാനിക്കുന്നു' (സങ്കീർത്തനം 119: 33 - 48)

'യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ' എന്നത് എത്രപേർക്ക് മനസ്സിലായിട്ടുണ്ട്? മനസ്സിലാക്കി അപ്രകാരം ചെയ്യുന്നവർ അനുഗ്രഹീതരാണ്. ദൈവസ്നേഹം ഹൃദയങ്ങളിൽ നിറഞ്ഞ് ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നവർക്കാണ് കർത്താവിന്റെ കൽപ്പനകളിൽ ആനന്ദിക്കുവാൻ കഴിയുന്നത്. ന്യായപ്രമാണം അവർക്ക് പ്രമോദമായതുകൊണ്ട് അത് രാവും പകലും അവരുടെ ധ്യാനവിഷയമാണ്.

ധ്യാനിക്കുക എന്നതിന്റെ അർത്ഥം ആഴത്തിൽ ചിന്തിക്കുക, അഥവാ ചിന്താപൂർവ്വം പരിഗണിക്കുക എന്നാണ്. ദൈവവചനം വായിക്കുക മാത്രമല്ല നാം ചെയ്യേണ്ടത്, ധ്യാനിക്കയും വേണം. എപ്പോഴും വചനം നമ്മുടെ ചിന്താമണ്ഡലത്തിൽ നിറയണം. വചനമാണ് നമ്മുടെ ചിന്തകളെ ശുദ്ധീകരിക്കുന്നത്. ദൈവീക കൽപ്പനകളെക്കുറിച്ചുള്ള ബോധം നമ്മുടെ ഹൃദയത്തിൽ നിലനിൽക്കുമ്പോൾ ദൈവകൽപ്പനകളോട് വിധേയപ്പെടുന്ന ചിന്തകളും പ്രവൃത്തികളുമായിരിക്കും നമ്മിൽ നിന്നും ഉണ്ടാവുക.

ഇസ്രയേൽ മക്കൾക്കു ദൈവം കൊടുത്ത നിർദ്ദേശം ശ്രദ്ധിക്കുക: 'ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം' (ആവർത്തനം 6: 6,7). ഇപ്രകാരം ചെയ്യുന്നവരാണ് വചനം രാപ്പകൽ ധ്യാനിക്കുന്നത്. ദൈവത്തിന്റെ പ്രമാണങ്ങൾ നമ്മിൽ അലിഞ്ഞു ചേരണം. ദൈവകൽപ്പനകളുടെ അനുസരണം സ്വാഭാവികമായ ഒരു കാര്യമായിരിക്കണം. ഇപ്രകാരമുള്ള ജീവിതമാണ് ദൈവത്തോട് കൂടെ നടക്കുന്ന ആത്മിക അനുഭവം ഉളവാക്കുന്നത്.

ദൈവവചനത്തിൽ അധിഷ്ഠിതമായി ജീവിക്കുന്ന ഒരു ഭക്തനെ ഉപമിച്ചിരിക്കുന്നത് ആറ്ററികത്ത് നട്ടിരിക്കുന്ന ഒരു വൃക്ഷത്തോടാണ്. എന്താണ് ഈ വൃക്ഷത്തിന്റെ പ്രത്യേകത? അത് തക്കകാലത്ത്

ഫലം കായ്ക്കുന്നു, ഇലകൾ വാടുന്നില്ല! കാരണം, വെള്ളമാണല്ലോ ഒരു വൃക്ഷത്തിന് അത്യാവശ്യം. ആറ്റരികത്ത് നട്ടിരിക്കുന്ന വൃക്ഷത്തിന് വെള്ളം സുലഭമായതുകൊണ്ട് അത് എല്ലാ മൂലകങ്ങളെയും വലിച്ചെടുത്ത് തഴച്ചുവളർന്ന് ഫലം കായ്ക്കുന്നു. ഇലകൾ വാടാതെ എപ്പോഴും പച്ചയായി അത് നിലനിൽക്കുന്നു. ഒരു ഭക്തന്റെ ജീവിതം അങ്ങനെതന്നെയാണ്. ദൈവവചനം രാപ്പകൽ ധ്യാനിക്കുന്നതിലൂടെ ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ്, ആസ്വദിക്കുന്ന ഭക്തന്റെ ജീവിതം ആത്മീക പുഷ്ടിയുള്ളതായിരിക്കും. അത് നീതിഫലങ്ങൾ നിറഞ്ഞതായിരിക്കും. താൻ ചെയ്യുന്നതെല്ലാം ദൈവഹിതത്തിൽ ഊന്നി ആയിരിക്കുമെന്നതിനാൽ അവയെല്ലാം സാധിക്കുകയും ചെയ്യുന്നു.

തങ്ങൾക്കിഷ്ടമുള്ളതെല്ലാം ചെയ്യുകയും അതെല്ലാം സാധ്യമാവുകയും ചെയ്യുക എന്നതാണ് ഐഹിക ജീവിതത്തിൽ സാധാരണ മനുഷ്യർ ആഗ്രഹിക്കുന്നത്. ഇത് അനാത്മികമായ ചിന്തയും ആഗ്രഹവും ആണ്.

ഒരു ആത്മികന്റെ ചിന്ത ദൈവവചനത്തിൽ അധിഷ്ഠിതം ആണല്ലോ. ആത്മികന്റെ പ്രഥമ പരിഗണന ദൈവത്തോടൊപ്പമുള്ള മരണാന്തര ജീവിതമാണ്. ദൈവഹിതം ചെയ്യുക എന്നതാണ് അവരുടെ ചിന്തയും ആഗ്രഹവും. ദൈവഹിതപ്രകാരമുള്ള പ്രവൃത്തികൾ ഫലവത്തായിരിക്കും. വെറും താൽക്കാലിക ഫലങ്ങൾ അല്ല പ്രത്യുത, നിത്യതയിൽ നിലനിൽക്കുന്ന ഫലങ്ങൾ! ആത്മികൻ എന്നേക്കും നിലനിൽക്കുന്നതുപോലെ അവന്റെ ആത്മിക പ്രവൃത്തികളും എന്നും നിലനിൽക്കും!

അനാത്മികരായ ദുഷ്ടന്മാർ കാറ്റുപാറ്റുന്ന പതിരുപോലെയാണ്. അവർ ആസ്വദിക്കുന്നത് ഈ ഭൂമിയിലെ താൽക്കാലിക ജീവിതം മാത്രമാണ്. അത് സുഖദു:ഖങ്ങൾ നിറഞ്ഞതാണല്ലോ. ദൈവത്തോടു കൂടെ നിത്യസൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ കഴിയുന്ന നിത്യത അവർക്കില്ല. പതിര് തീയിൽ ചുട്ടു കളയുന്നത് പോലെ, മരണാനന്തരം ശിക്ഷാവിധി മാത്രമാണ് അവരെ കാത്തിരിക്കുന്നത്. ഈ ഭൂമിയിൽ ലഭിക്കുന്ന ആയുസ്സ് നിത്യത തിരഞ്ഞെടുക്കുവാനുള്ള അവസരമാണ് എന്നുള്ളത് അവർ ബോധപൂർവ്വം വിസ്മരിച്ചല്ലോ.

ചെയ്യുന്നതെല്ലാം സാധിക്കുന്ന ജീവിതം നയിക്കണമോ? എങ്കിൽ, ദൈവഹിതപ്രകാരം ജീവിക്കുവാൻ തീരുമാനിക്കുക. ദൈവവചനത്തിൽ സന്തോഷിക്കുകയും ധ്യാനിക്കുകയും ചെയ്യുക. ദൈവവചനത്താൽ ശുദ്ധീകരിക്കപ്പെട്ട ചിന്തകളാലും ആഗ്രഹങ്ങളാലും നിറഞ്ഞവരാകുക. ഇങ്ങനെയുള്ള മഹത്തായ ജീവിതം നയിക്കുവാൻ ദൈവം കൃപ നൽകി എല്ലാവരെയും സഹായിക്കട്ടെ, അനുഗ്രഹിക്കട്ടെ. •

# ആഗ്രഹങ്ങൾ വിശുദ്ധമായിരിക്കണം

**ചി**ല ആഗ്രഹങ്ങൾ ദൈവസന്നിധിയിലേക്കു നമ്മെ അടുപ്പിക്കുമ്പോൾ ചിലത് ഇരുളിലേക്കു തള്ളിവിടുന്നു. ആയതിനാൽ നമ്മുടെ ആഗ്രഹങ്ങൾ വിശുദ്ധമായിരിക്കണം. ആഗ്രഹങ്ങൾ ജനിക്കുന്നത് ഹൃദയത്തിലാണ്. സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉറവുകൾ അതിൽ നിന്നാകുന്നു. ഹൃദയം ശുദ്ധമായാൽ ആഗ്രഹങ്ങളും ശുദ്ധമാകും. ഹൃദയം മലിനമായാൽ ജീവിതവും മലിനമാകും. ഇന്നത്തെ ലോകം തെറ്റായ ആഗ്രഹങ്ങളെ നിരന്തരം ഉണർത്തുന്ന ഒന്നാണ്. കൂടുതൽ സമ്പത്ത്, കൂടുതൽ പ്രശസ്തി, കൂടുതൽ സുഖം ഇവയ്ക്കായി മനുഷ്യർ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ ദൈവഹിതമല്ലാത്ത ആഗ്രഹങ്ങൾ ഒരിക്കലും ആർക്കും തൃപ്തി നൽകുന്നില്ല. പാപം ചെയ്യുവാൻ പ്രലോഭിപ്പിക്കപ്പെട്ടപ്പോൾ യോസേഫ് ചോദിച്ചത്: ഞാൻ എങ്ങനെ ഈ മഹാദോഷം ചെയ്തു ദൈവത്തോടു പാപം ചെയ്യും എന്നാണ്. ദൈവഭയവും വിശുദ്ധമായ ആഗ്രഹങ്ങളും അവനെ സംരക്ഷിച്ചു, ദൈവം അവനെ ഉയർത്തുകയും ചെയ്തു. അതേസമയം ശിംശോന്റെ ജീവിതം നിയന്ത്രണമില്ലാത്ത ആഗ്രഹങ്ങളുടെ അപകടം നമ്മെ ഓർമ്മിപ്പിക്കുന്നു. ശിംശോൻ ശക്തനായ മനുഷ്യനായിരുന്നെങ്കിലും തെറ്റായ ആഗ്രഹങ്ങൾ അവന്റെ ശക്തിയും ദർശനവും മാന്യതയും കവർന്നു. മനുഷ്യനെ തകർക്കുന്നത് പലപ്പോഴും പുറത്തുള്ള ശത്രുക്കളല്ല ഉള്ളിലെ തെറ്റായ ആഗ്രഹങ്ങളാണ് എന്ന ബോധ്യം നമ്മെ ഭരിക്കട്ടെ.



സാജു മാത്യു

# നാം ക്രൂശീകരിക്കപ്പെട്ടുവോ?

***ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്യർ 5:24).***

വളരെ സൗമ്യതയോടെയാണു സ്നാനാർഥി വെള്ളത്തിലേക്കിറങ്ങിയത്. എന്നാൽ, സ്നാനപ്പെടുത്താനൊരുങ്ങിയപ്പോൾ അയാൾ ഒരു കൈ മുകളിലേക്കു ഉയർത്തിപ്പിടിച്ചിരിക്കുന്നു. കാരണം ചോദിച്ചപ്പോൾ അയാൾ പറഞ്ഞതിങ്ങനെയാണ്: 'ഇന്നലെ തെരുവിലൂടെ നടക്കുമ്പോൾ ഒരുത്തനെന്നെ ചീത്തവിളിച്ചു. കൈ നിവർത്ത് അന്നേരം തന്നെ അവന്റെ ചെകിട്ടത്ത് ഒരെണ്ണം കൊടുക്കണമെന്നുണ്ടായിരുന്നു. എങ്കിലും സാഹചര്യം ഒത്തുവന്നില്ല. അവനെ സൗകര്യത്തിനു എന്റെ കൈയിൽ കിട്ടും. അവന്റെ കരണത്ത് ഒന്നു പൊട്ടിക്കാതെ എനിക്കു സമാധാനം ഉണ്ടാകില്ല... അന്നേരമാ ഞാൻ ഉപദേശിയുടെ സ്നാനത്തെക്കുറിച്ചുള്ള ക്ലാസു കേട്ടത്. സ്നാനപ്പെടുമ്പോൾ നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുകയാണെന്ന്... ഇപ്പോൾ ഞാൻ കൈയുംകൂടെ മുക്കിയാൽ പിന്നെ എനിക്കു അവനെ തല്ലാൻ പറ്റില്ലല്ലോ... അതിനാൽ, അവനൊരടി കൊടുത്തിട്ടു വന്ന് ഞാൻ എന്റെ കൈ സ്നാനപ്പെടുത്തിക്കൊള്ളാം. ഇപ്പോൾ ബാക്കി സ്നാനം നടക്കട്ടെ...

കഥയാണെങ്കിലും വലിയൊരുകാര്യം ഇതിലുണ്ട്. ക്രൂശിൽ കയറിയാൽ അയാളുടെ ശരീരത്തിന്റെ അവയവങ്ങൾ പിന്നീടു അയാൾക്കു ഇഷ്ടമുള്ളതുപോലെ ഉപയോഗിക്കാൻ കഴിയില്ല. ക്രൂശിൽ മൂന്ന് ആണികളുണ്ട്. രണ്ടുകാലുകളും ചേർത്തുവച്ച് ഒന്ന്, ഓരോ കൈകൾക്കും ഓരോന്ന്! മൂന്ന് ആണികളിൽ ക്രൂശിക്കപ്പെടുമ്പോഴാണു പൂർണ്ണമായും നിസ്സഹായനാകുന്നത്. ആർക്കും രണ്ടാണികളിൽ ക്രൂശിക്കപ്പെടാനാവില്ല.

'ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു' (ഗലാത്യർ 5: 24) എന്നു പൗലൊസ് പറയുമ്പോൾ, ക്രിസ്തുവിനു തങ്ങളെത്തന്നെ ഏല്പിച്ചുകൊടുത്തവർ തങ്ങളുടെ ജഡത്തെ, ഇടയ്ക്കിടെ കയ്യും കാലും എടുക്കാൻ കഴിയാത്തവിധം അതിന്റെ രാഗമോഹങ്ങളോടു കൂടെത്തന്നെ, രണ്ട് ആണികളിലല്ല, മൂന്ന് ആണികളിൽ, **ജഡത്തിനു പ്രവർത്തിക്കാൻ യാതൊരു പഴുതുകളും ഇല്ലാത്തവിധത്തിൽ ക്രൂശിച്ചിരിക്കുന്നു**. ഇനി ജഡത്തിന്റെ കൈകൾ ഇടയ്ക്കിടെ പാപപ്രവൃത്തികൾക്കായി നീണ്ടുവരികയില്ല; കാലുകൾ എത്തിവലിക്കേണ്ടി വരില്ല, കണ്ണുകൾ ഉന്തിവരികയില്ല: ചെവികൾ വിടർന്നു വരികയില്ല... കാരണം, ക്രിസ്തുയേശുവിലുള്ളവർ ജഡത്തെ ക്രൂശിച്ചിരിക്കുന്നു. എന്നുമാത്രമല്ല ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെത്തന്നെ ക്രൂശിച്ചിരിക്കുകയാണ്.

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ദൈവകൃപയാൽ ദൈവസഭയുടെ അംഗങ്ങളായിരുന്ന വിജാതീയരായിരുന്ന ക്രിസ്ത്യാനികളെ മോശൈക ന്യായപ്രമാണത്തിന്റെ ചട്ടക്കൂട്ടിൽ അടച്ചിട്ടില്ലെങ്കിൽ, വിജാതീയരുടെ സഭ അധാർമ്മികരുടെ കൂത്തരങ്ങാകും എന്നു അക്ഷേപിച്ച യെഹൂദവാദികൾക്കു പൗലൊസിന്റെ ഉത്തരമാണ് ഈ വാക്യം. അവർ ക്രിസ്തുവിനുള്ളവർ ആണെങ്കിൽ അങ്ങനെ സംഭവിക്കുകയില്ല... കാരണം, 'ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു'.

'ജഡം' എന്നതിനു വേദപുസ്തകത്തിൽ പോലും വ്യത്യസ്തമായ അർഥതലങ്ങളാണുള്ളത്. പലരും ചിന്തിക്കുന്നതുപോലെ 'ജഡം'എന്നാൽ എല്ലായിടത്തും നികൃഷ്ടമായ അർഥമല്ല ഉള്ളത്.'വചനം ജഡമായിത്തീർന്നു' (The word became flesh യോഹന്നാൻ1:13) എന്നു യേശുവിന്റെ ശരീരധാരണത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് മോശപ്പെട്ട അർത്ഥത്തിലല്ലല്ലോ. യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത് (1 യോഹന്നാൻ 4:2).

യേശുക്രിസ്തുവിനെ ദൈവപുത്രൻ എന്നു പത്രൊസ് ഏറ്റുപറയുമ്പോൾ കർത്താവ് അവനോട്: 'ശിമോനേ, ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയത്' (മത്തായി 16:17) എന്നു പറയുന്നിടത്ത് 'ജഡം' എന്നതിനു മാനുഷികബുദ്ധി എന്നാണർഥം. 'യേശു ക്രൂശിക്കപ്പെടരുത്' എന്നു പത്രൊസ് ആലോചന പറയുമ്പോൾ അതു മനുഷ്യന്റെ (ജഡത്തിന്റെ) ചിന്തയാണ് എന്നു കർത്താവു പറയുന്നു (മത്തായി 16: 23).

'ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡികങ്ങളല്ല'(2 കൊരിന്ത്യർ. 10:14) എന്നു പൗലൊസ് പറയുമ്പോൾ, അവിടെ ഞങ്ങൾ മാനുഷികമായല്ല പോരാടുന്നത് എന്നാണ്. ശരീരം എന്ന അർഥത്തിലും ജഡം പല സ്ഥലങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. 'മാംസരക്തങ്ങൾക്കു-flesh and blood- ദൈവരാജ്യം അവകാശമാക്കുവാൻ കഴികയില്ല' (1 കൊരിന്ത്യർ 15:50) എന്നിടത്തു 'ദ്രവത്വമുള്ള ശരീരം' എന്ന അർഥമാണുള്ളത്. 'മാനുഷിക ശക്തി' എന്ന നിലയിൽ ജഡം പ്രത്യക്ഷമാകുന്ന ഭാഗങ്ങൾ ഏറെ! മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രേ, അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രെ! (യെശയ്യാവ്.31:3). ആത്മാവിന്റെ ശക്തിയെ മാനുഷിക ബലഹീനതയോടു താരതമ്യം ചെയ്യാൻ യേശുതന്നെ 'ജഡം' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. 'ആത്മാവ് ഒരുക്കമുള്ളത്; ജഡമോ ബലഹീനമത്രേ'(മത്തായി 26:41)

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം മനുഷ്യരിൽ ആശ്രയിക്കുന്നതിനെ 'ജഡം' എന്ന വാക്കുപയോഗിച്ചാണു മിക്കയിടത്തും പ്രകടിപ്പിക്കുന്നത് (2 ദിനവൃത്താന്തം 32: 8; യിരെമ്യാവ് 17: 5). ശരിക്കും പറഞ്ഞാൽ 'ജഡം' മാനുഷികതയാണ്. മാനുഷികത എന്തുകൊണ്ടു ക്രൂശിക്കപ്പെടണം? ദൈവമല്ലേ മനുഷ്യനെ സൃഷ്ടിച്ചത്? അപ്പോൾ മാനുഷികത അത്ര മോശപ്പെട്ട കാര്യമാണോ? സൃഷ്ടിയിൽ മാനുഷികത മോശപ്പെട്ട കാര്യമായിരുന്നില്ല. എന്നാൽ, മാനുഷികതയ്ക്കു ഒരു പ്രശ്നമുണ്ട്. അതിനു ഒരിക്കലും ഒറ്റയ്ക്കു നിൽക്കാനുള്ള കഴിവില്ല. അതു എപ്പോഴും എന്തിനോടെങ്കിലും ചാരി നിൽക്കും. ഒന്നുകിൽ നന്മയോട്, അല്ലെങ്കിൽ തിന്മയോട്! ഒന്നുകിൽ ദൈവത്തോട്, അല്ലെങ്കിൽ ശത്രുവായ പിശാചിനോട്!

ആരോടാണോ അവന്റെ പറ്റുമാനം (inclination), അതിനോടായിരിക്കും-ആ വ്യക്തിയോടായിരിക്കും- മനുഷ്യനിലെ മാനുഷിക ഘടക (faculty)ത്തിന്റെ അനുസരണം(yielding). സൃഷ്ടിയിൽ ദൈവത്തോടു പറ്റിച്ചേർന്നിരുന്ന മനുഷ്യൻ പിന്നീട് ആദ്യപാപത്തിലൂടെ അവന്റെ വിശ്വസ്തത (loyalty) സാത്താനു കൈമാറി...അപ്പോൾ മുതൽ അവന്റെ ജഡം (human faculty) പാപത്തോടു പറ്റുമാനമുള്ളതായിത്തീർന്നു. ദൈവത്തോടുള്ള അനുസരണത്തിൽ കഴിഞ്ഞിരുന്ന നിഷ്കന്മഷ കാലഘട്ടത്തിൽ (age of serenity) മനുഷ്യനിലെ മാനുഷികത ആത്മാവാകുന്ന ദൈവവുമായുള്ള കൂട്ടായ്മയിലായിരുന്നു. എന്നാൽ, ആദ്യപാപം മനുഷ്യനിലേക്കു രാഗവും മോഹവും (psssion and lust) കുത്തിവച്ചു; മാനുഷികതയെ രാഗമോഹങ്ങളാൽ വിഷലിപ്തമാക്കി. അങ്ങനെ രാഗമോഹങ്ങളാൽ വിഷലിപ്തമായ-കേടുപറ്റിയ- മാനുഷിക ഘടകത്തെ (human faculty)യാണു വേദപുസ്തകം 'ജഡം'എന്നു വിളിക്കുന്നത് (ഉല്പത്തി 6:3).

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# സാക്ഷ്യം പ്രാപിച്ചവർ

എബ്രായർ 11: 5 - 10 വരെ

എബ്രായ ലേഖനം 11:4 ൽ നാം മനസ്സിലാക്കിയ ഒരു ദൈവീക മർമ്മം വിശ്വാസം എങ്ങനെ ഉളവാകുന്നു എന്നതാണ്. ഒരു വ്യക്തിയിൽ നീതി വെളിപ്പെടുന്നതും വിശ്വാസത്താലാണ്. വിശ്വാസത്താൽ ആണ് കയീനിൽ നിന്നും ഹാബേൽ വ്യത്യസ്തനായത്. പലരും ചിന്തിക്കുന്നത് ഹാബേൽ തന്റെ സഹോദരനെക്കാളും നീതിമാനായിരുന്നു എന്നാണ്. എന്നാൽ എങ്ങനെ ഹാബേൽ നീതിമാനായി എന്ന ചോദ്യത്തിന് ലേഖനകർത്താവ് പറയുന്ന ഉത്തരം അത് വിശ്വാസത്താൽ എന്നാണ്.

അതുപോലെതന്നെ അഞ്ചാം വാക്യത്തിലേക്ക് വരുമ്പോൾ എങ്ങനെയാണ് ഹാനോക്ക് സാക്ഷ്യം പ്രാപിച്ചത് എന്ന് വ്യക്തമാക്കുന്നു. വിശ്വാസത്താൽ ഹാനോക്ക് മരണം കൂടാതെ എടുക്കപ്പെട്ടു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? അതിന് കാരണം ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു എന്നുള്ളതാണ്. പഴയനിയമത്തിൽ നാം ഇത് വായിക്കുമ്പോൾ ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു എന്നാണ് കാണുന്നത്. എങ്ങനെയാണ് നാം ദൈവത്തിന്റെ കൂടെ നടക്കുന്നത്? അത് വിശ്വാസത്താൽ മാത്രം സംഭവിക്കുന്ന കാര്യമാണ്. എന്നാൽ ഇത് പഴയനിയമം വായിക്കുമ്പോൾ മനസ്സിലാകുന്നില്ല. അവിടെയാണ് അപ്പോസ്തോലിക വ്യാഖ്യാനം പഴയനിയമ പുസ്തകങ്ങളെ മനസ്സിലാക്കുന്നതിൽ നമ്മെ സഹായിക്കുന്നത്. ദൈവത്തെ ഒരാൾ പ്രസാദിപ്പിക്കുന്നെങ്കിൽ അത് വിശ്വാസത്താൽ മാത്രമാണ്. നാം ഇന്ന് രക്ഷാകരമായ വിശ്വാസത്തെക്കുറിച്ച് വളരെ ഗഹനമായി പഠിക്കുന്നു. എന്നാൽ പഴയനിയമവിശുദ്ധന്മാരെ സംബന്ധിച്ച് അത്രയും ഗഹനമായ ഒരു അറിവ് അവർക്ക് വിശ്വാസത്തെ സംബന്ധിച്ച് ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ വളരെ പ്രാഥമികമായ ഒരു വിശ്വാസരൂപമാണ് നാം അവരിൽ കാണുന്നത്.

എന്തൊക്കെയാണ് പ്രാഥമികമായ ദൈവവിശ്വാസത്തിന്റെ അടിസ്ഥാനം എന്നാണ് എബ്രായർ 11: 6 ൽ വ്യക്തമാക്കുന്നത്. അതിൽ ഒന്നാമത്തെ ഘടകം 'ദൈവം ഉണ്ട്' എന്നുള്ള വിശ്വാസമാണ്. ഇതൊരുപക്ഷേ 'പൊതുവായ ഒരു വിശ്വാസം' എന്ന് വേണമെങ്കിൽ പറയാം. എന്നാൽ അടുത്ത ഭാഗമാണ് ഇതിനെ കൂടുതൽ ഗഹനം ആക്കുന്നത്. ദൈവം നൽകുന്ന വാഗ്ദത്തം, വിശ്വാസത്താൽ തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നുള്ളതാണ്. ദൈവത്തെ അന്വേഷിക്കുന്നവർക്ക് എന്താണ് പ്രതിഫലം? ദൈവത്തെ അന്വേഷിക്കുന്നവർക്ക് വേണ്ടത് ദൈവത്തെ തന്നെയാണ്. ഇന്ന് പലരും ദൈവത്തെ അന്വേഷിക്കുന്നവരല്ല. പിന്നെയോ സ്വന്തമഹത്വം അന്വേഷിക്കുന്നവരാണ്. ഇവിടെയാണ് വിശ്വാസം വ്യത്യാസമുണ്ടാക്കുന്നത്. വിശ്വാസം നമ്മെ ദൈവത്തെ അന്വേഷിക്കുന്നവർ ആക്കി മാറ്റുന്നു. ദൈവം തന്നെയാണ് നമുക്ക് ഏറ്റവും വലിയ പ്രതിഫലം. പുതിയനിയമത്തിൽ ക്രിസ്തു നമുക്ക് വലിയ പ്രതിഫലം എന്നു കാണാം. അതുകൊണ്ടു തന്നെ പഴയനിയമവിശ്വാസികൾ വളരെ പ്രാഥമികമായ വിശ്വാസത്തെ അനുഗമിച്ചു. പഴയനിയമ സംഭവങ്ങളാകുന്ന നിഴലുകൾ അവരെ എത്തിച്ചത് ദൈവത്തെ തന്നെ പ്രതിഫലമായി ലഭിക്കുന്ന ഉന്നതമായ അവസ്ഥയിലേക്ക് ആണ്.

എബ്രായർ 11 :7 ൽ എങ്ങനെയാണ് നോഹ വിശ്വാസവീരനായി കാണുന്നത്? ഒരിക്കലും കണ്ടിട്ടില്ലാത്ത, കേട്ടുകേൾവി പോലുമില്ലാത്ത ഒരുകാര്യം, അതായത് വെള്ളം മഴയായി പെയ്യും എന്ന ദൈവത്തിന്റെ വാക്ക് നോഹ വിശ്വസിച്ചു. എങ്ങനെയാണ് ആ വിശ്വാസം നോഹയിൽ ഉണ്ടായത്? അത് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചതുകൊണ്ടാണ്. ദൈവവചനത്തിൽ നിന്നാണ് നമുക്ക് വെളിപ്പാടുകൾ ഉണ്ടാകുന്നത്. ആ വെളിപ്പാടിനാലാണ് വിശ്വാസം ഉണ്ടാകുന്നത്. ഈ വിശ്വാസം അനുസരണമായി മാറുന്നത് എങ്ങനെയെന്ന് നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. ആകാശത്തു നിന്ന് വെള്ളം മഴയായി പെയ്തു ഭൂമിയിൽ വലിയ പ്രളയം ഉണ്ടാകും എന്ന് ഒരാൾ വിശ്വസിച്ചാൽ അയാൾക്ക് അലസനായിരിക്കുവാൻ സാധിക്കുകയില്ല. അത് തീർച്ചയായും അനുസരണമായി മാറും. ഈ മഴയെക്കുറിച്ച് വെളിപ്പെടുത്തിയ ദൈവം തന്നെ, എങ്ങനെ രക്ഷപ്പെടാം എന്നും പറഞ്ഞുകൊടുക്കുന്നു. ആ വെളിപ്പാട് തന്നെയാണ് ഇവിടെ വിശ്വാസത്തിന് ആധാരം.

എബ്രായർ 11:1 ൽ വിശ്വാസം എന്ന വാക്കിന്റെ നിർവ്വചനത്തിൽ, 'കാണാത്ത കാര്യങ്ങൾ' എന്നൊരു ഭാഗം ഉണ്ടായിരുന്നു. നോഹയുടെ വിശ്വാസത്താലാണ് കാണാത്ത കാര്യങ്ങളിൽ നിശ്ചയമുണ്ടായത്. യുക്തി കൊണ്ട് ഒരാൾക്ക് ഇത് ഒരിക്കലും സാധിക്കുകയില്ല എന്ന് മാത്രം പറയാൻ കഴിയുന്ന വസ്തുത, ദൈവിക വെളിപ്പാടുകൾ കൊണ്ട് മാത്രം വിശ്വസിക്കുന്നു. ഇത് പുതിയ നിയമ വിശ്വാസത്തിന് അതായത് രക്ഷാകരമായ വിശ്വാസത്തിന് അടിസ്ഥാനം തന്നെയാണ്. ആകാശത്തുനിന്നും മഴയുണ്ടാകും എന്നും, വെള്ളപ്പൊക്കം ഉണ്ടാകുമെന്നും നോഹ പറഞ്ഞപ്പോൾ ഒന്നും കാണുവാൻ ഉണ്ടായിരുന്നില്ല. ആരും വിശ്വസിച്ചതുമില്ല. പക്ഷേ നോഹ വിശ്വസിച്ചപ്പോൾ ദൈവത്തിനു വേണ്ടി നീതി നടത്തുന്ന നീതിപ്രസംഗി ആയി താൻ മാറി. എന്തുകൊണ്ടാണ് പത്രോസ് നോഹയെ നീതിപ്രസംഗി എന്ന് വിളിക്കുന്നത് ? നോഹ എന്തെങ്കിലും പ്രസംഗിച്ചതായി നമുക്ക് അറിവില്ല. പെട്ടകംപണി നടന്നുകൊണ്ടിരിക്കുമ്പോൾ പല ആളുകളും വിചിത്രമായ കാര്യത്തെക്കുറിച്ച് ചോദിച്ചിട്ടുണ്ടാവും. ഒരുപക്ഷേ അവരുടെ ചോദ്യത്തിന് നോഹ മറുപടിയും കൊടുത്തിട്ടുണ്ടാവും. എന്നാൽ നോഹ, നീതി പ്രസംഗിക്കുന്നത് മറ്റൊരിടത്തും കാണുന്നില്ല. നോഹ ദൈവനീതിയുടെ വക്താവായി മാറുന്നത് വിശ്വാസം മൂലമാണ്. നോഹയുടെ വിശ്വാസം അനുസരണമായി മാറുമ്പോൾ അത് ദൈവത്തെ അനുസരിക്കാത്ത, നിന്ദിക്കുന്ന ഒരു ജനത്തിന് ന്യായവിധിയായി മാറുന്നു. അവിശ്വാസത്താൽ ലോകത്തിൽ വ്യാപരിക്കുന്ന അനീതിയെക്കുറിച്ച് നോഹ തന്റെ അനുസരണത്തിലൂടെ ചൂണ്ടിക്കാണിക്കുകയായിരുന്നു . അങ്ങനെ അവർ ലോകത്തെ കുറ്റംവിധിച്ച് വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു എന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

എബ്രായർ 11 :8 മുതൽ 12 വരെയുള്ള വചനങ്ങളിൽ അബ്രഹാം എങ്ങനെയാണ് നീതിമാനായത് എന്ന് വ്യക്തമാക്കുന്നു. റോമാലേഖനം നാലാം അധ്യായത്തിൽ വിശ്വാസത്താൽ അബ്രഹാം നീതികരിക്കപ്പെട്ടതിനെക്കുറിച്ച് പറയുന്നു. എങ്ങനെയാണ് നാം അബ്രഹാമിന്റെ ജീവിതത്തിൽ വിശ്വാസത്തിന്റെ സാക്ഷ്യം കാണുന്നത്? എട്ടാം വാക്യത്തിൽ പറയുന്നു: അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ എവിടേക്ക് പോകുന്നു എന്നറിയാതെ ദൈവം തനിക്ക് അവകാശമായി ഒരു ദേശം തരുമെന്ന് വിശ്വസിച്ചുകൊണ്ട് പുറപ്പെട്ടു. അങ്ങനെ അബ്രഹാം ആശിച്ച ദേശത്തേക്ക്, കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയത്തോടെ, ധൈര്യമായി യാത്ര ആരംഭിച്ചു. യാത്രയിൽ അബ്രഹാം വിശ്വാസത്താൽ ദൈവത്തോടുള്ള കൂട്ടായ്മയിൽ നടന്നു. ആ വിശ്വാസം വളരെ ഫലം പുറപ്പെടുവിക്കുകയും ചെയ്തു. ജീവിതാന്ത്യത്തിൽ ഇസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർക്കുമ്പോൾ അബ്രഹാം ചിന്തിച്ചത് ദൈവം ശില്പിയായി പണിത നിത്യമായ ഒരു നഗരം ലഭിക്കുന്നതിനെക്കുറിച്ചായിരുന്നു.

ഈ ലോകത്തിൽ അബ്രഹാമിന് ലഭിച്ച വാഗ്ദത്തദേശം, ഒരു താൽക്കാലിക ദേശം ആണെന്നും, അവിടെ സ്ഥിരതാമസം നടത്തേണ്ട കാര്യമില്ല എന്നും, കൂടാരവാസികളായി തുടരാമെന്നും, അബ്രഹാം തീരുമാനിച്ചു. കാരണം അബ്രഹാമിന്റെ ഉള്ളിൽ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നിത്യനഗരത്തെക്കുറിച്ചുള്ള വിശ്വാസം ദൈവം ഉരുവാക്കിയിരുന്നു. ഈ വാക്യങ്ങൾ വായിക്കുമ്പോൾ മനസ്സിലാകുന്നത് അബ്രഹാം തന്റെ ജീവിതകാലം മുഴുവൻ ദൈവാഗ്ദത്തങ്ങൾക്കായി ക്ഷമയോടെ കാത്തിരിക്കുകയായിരുന്നു എന്നാണ്. •

ബെഞ്ചമിൻ വർഗീസ്

# ഗോൽഗോഥാ മലമുകളിൽ എത്തിയപ്പോൾ

*കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച....*

**ഗോ**ൽഗോഥാ മലമുകളിൽ എത്തിയപ്പോൾ യേശുവിനെ കൂടാതെ മറ്റു രണ്ടുപേരെയും കൂടെ അവിടെ ക്രൂശിക്കുന്നുണ്ട്. അവരുടെ ഉച്ചത്തിലുള്ള നിലവിളിക്കൊപ്പം പടയാളികളുടെ അട്ടഹാസവും ചുറ്റും കൂടി നിൽക്കുന്നവരുടെ പരിഹാസവും ഒക്കെയായി അവിടമാകെ ശബ്ദമുഖരിതമായിരുന്നു. അപ്പോഴാണ് അവിടെ നിന്നും മാറിപ്പോകുവാനായി എന്നോട് ഒരു റോമൻ പട്ടാളക്കാരൻ കൽപ്പിച്ചത്. അവിടെ നിന്നും തിരിഞ്ഞു നടക്കുമ്പോൾ ഞാൻ യേശുവിനെ നോക്കി. ഭയത്തിന്റെ സ്ഥാനത്ത് അവിശ്വസനീയമായ ശാന്തതയും ആർദ്രതയും ആയിരുന്നു ആ കണ്ണുകളിൽ അപ്പോൾ ഉണ്ടായിരുന്നത്. തന്റെ ക്രൂശ് ചുമന്നതിന് എന്നോട് നന്ദി പറയുകയാണോ അദ്ദേഹം എന്നുപോലും എനിക്ക് തോന്നിപ്പോയി. ഞാൻ പതിയെ അല്പം ദൂരത്തായി മാറിയിരുന്നു. എന്ത് ചെയ്യേണം, എവിടേക്ക് പോകേണം എന്നൊന്നും എനിക്കറിയില്ലായിരുന്നു. കുറേനയിൽ നിന്നും പുറപ്പെട്ട ദിവസങ്ങളെ ഞാൻ ഓർത്തു. എത്ര സന്തോഷമായിരുന്നു, എത്ര പ്രതീക്ഷയോടെയാണ് ഞാൻ യരുശലേമിൽ എത്തിയത്. ഒരു നിമിഷം കൊണ്ട് എല്ലാം തകർന്നു പോയി. ഇത്രയേറെ ത്യാഗം സഹിച്ച് ഞാൻ ഇവിടെ എത്തിയിട്ടും ദൈവം എന്നെ കൈവിട്ടു കളഞ്ഞല്ലോ എന്ന ചിന്ത എന്നെ വല്ലാതെ ദുഖിപ്പിച്ചു.

പിന്നെ ഞാൻ എന്തിനോ എന്നപോലെ പടയാളികളെ നോക്കിയിരുന്നു. അവർ തിരക്കിലാണ് യേശുവിന്റെ വസ്ത്രം അവർ പങ്കിട്ടെടുക്കുന്നു, അവന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു. ഒരുപറ്റം ആളുകൾ അവന്റെ ക്രൂശിന് ചുറ്റും നിന്ന് എന്തൊക്കെയോ പറയുന്നുണ്ട്. ഇത്രയേറെ അവഹേളിതൻ ആകാൻ ഇയാൾ എന്ത് തെറ്റായിരിക്കും ചെയ്തതെന്ന് ഞാൻ വീണ്ടും ഓർത്തു.

അങ്ങനെ ആലോചിച്ചിരിക്കുമ്പോഴാണ് വലിയൊരു ഭൂകമ്പം ഉണ്ടായത്. എന്താണ് സംഭവിക്കുന്നത് എന്ന് എനിക്ക് മനസ്സിലായില്ല. പടയാളികൾ അടക്കം സകലരും പരിഭ്രാന്തരായി. മാത്രമല്ല അവിടെ ആകെ കുറ്റാക്കൂറ്റിരുട്ടുമായി. ഏകദേശം മൂന്നു മണിക്കൂർ നേരത്തോളം അവിടം നിശബ്ദമായിരുന്നു. ക്രൂശിൽ കിടന്നവരുടെ നിലവിളി മാത്രമായിരുന്നു ആ നിശബ്ദതയെ ഭഞ്ജിച്ചത്. ഏലി ഏലി ലമ്മാ ശബക്താനി എന്ന ഉച്ചത്തിലുള്ള നിലവിളി കേട്ടാണ് ഞാൻ കണ്ണുതുറന്നത്. അപ്പോഴേക്കും അവിടെ എല്ലാം വെളിച്ചം വന്നിരുന്നു.

ആ വാക്കുകൾ എനിക്ക് പരിചിതമായിരുന്നതുകൊണ്ടുതന്നെ ഞാൻ ശ്രദ്ധിച്ചു. അപ്പോഴാണ് ചുറ്റും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ മറ്റൊരു രീതിയിൽ ചിന്തിക്കാൻ ആരംഭിച്ചത്. 22-ാം സങ്കീർത്തനത്തിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണല്ലോ ഈ കാൽവറിക്കുന്നിലും നടക്കുന്നത്. ബാശാൻകൂറ്റന്മാർ വളഞ്ഞിട്ട് ആക്രമിക്കുന്നത് പോലെയാണ് മതനേതാക്കന്മാർ യേശുവിനെ ആക്രമിക്കുന്നത്. സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത് പോലെ തന്നെയാണ് പടയാളികൾ അവന്റെ അങ്കിക്കായി ചീട്ട് ഇടുന്നതും അവന്റെ വസ്ത്രം പകുത്ത് എടുക്കുന്നതും. ദാവീദിനെ പോലെ ഇവനും ദൈവത്താൽ കൈവിടപ്പെട്ടവൻ ആണോ? ഇവൻ വാസ്തവത്തിൽ ആരാണ്? കേവലം ഒരു കുറ്റവാളിക്ക് അപ്പുറത്ത് മറ്റാരോ ആണിവൻ, സംശയമില്ല. യഹൂദന്മാരെ വിടുവിക്കാൻ വന്ന മശിഹയാണ് ഇവൻ എന്ന് ആരോ പറയുന്നത് കേട്ടു. യഥാർത്ഥത്തിൽ മശിഹ ആയിരുന്നെങ്കിൽ ഇവനിങ്ങനെ സംഭവിക്കുകയില്ലായിരുന്നു. ഞാൻ എന്നെത്തന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ ഒക്കെ ഈ ചിന്ത എന്നെ മഥിക്കുന്നുണ്ടായിരുന്നു. യേശുവിൽ എന്തോ പ്രത്യേകത ഉണ്ട്, നിശ്ചയം.

ഏകദേശം 50 ദിനങ്ങൾ കടന്നുപോയി. ഞാൻ തിരികെ പോകുവാനായി തയ്യാറെടുക്കുകയായിരുന്നു. പോകുന്നതിനു മുമ്പ് ഒരുവട്ടം കൂടി ദൈവാലയത്തിൽ പോകണം. ആ ആഗ്രഹത്തോടെയാണ് ഞാൻ നഗരത്തിൽ എത്തിയത്. അപ്പോഴാണ് അധികം ദൂരത്ത് അല്ലാതെയുള്ള ഒരു മാളികയിൽ നിന്നും വലിയൊരു മുഴക്കം കേട്ടത്. ഞാൻ ഓടി അവിടെ ചെന്നു. അവിടെ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. ഒരുപറ്റം ആൾക്കാർ കൂടിയിരുന്ന് ഉച്ചത്തിൽ സംസാരിക്കുന്നുണ്ട്. അവരിൽ ചിലരെങ്കിലും കുറേനേ ഭാഷയാണ് സംസാരിക്കുന്നത്. അവരാരും കുറേന്യർ അല്ലായിരുന്നു താനും. ഇതെന്തായിരിക്കും? ഞങ്ങൾ പരസ്പരം ചോദിച്ചു.

അപ്പോൾ അവരിൽ ഒരുവനായ പത്രൊസ് എന്നൊരു മനുഷ്യൻ എഴുന്നേറ്റുനിന്ന് എല്ലാവരോടുമായി ഉറക്കെ സംസാരിച്ചു. നിങ്ങൾക്കിപ്പോൾ അദ്ദേഹത്തെ നേരിട്ടറിയാമെങ്കിലും, അന്നെനിക്കു അദ്ദേഹം അപരിചിതനായിരുന്നു. അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു: 'നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കിത്തീർത്തു'! യശുവിന്റെ ശവകുടീരം ഇപ്പോൾ ശൂന്യമാണ്! മരണം അവനെ തോൽപ്പിച്ചില്ല! അവൻ ഉയിർത്തെഴുന്നേറ്റു.

കുരിശിൽ അന്നു ഞാൻ കേട്ട ആ നിലവിളിക്ക് ദൈവം ഉത്തരം നൽകിയത് അവനെ അവിടെനിന്ന് ഇറക്കി ജീവൻ രക്ഷിച്ചുകൊണ്ടല്ല, മറിച്ച് കല്ലറയിൽ നിന്ന് അവനെ ഉയിർപ്പിച്ചുകൊണ്ടാണ്. അതറിഞ്ഞപ്പോൾ എന്റെ ചോദ്യങ്ങൾക്കവസാനമായി! ഞാൻ യേശുവിനെ മശിഹയായി തിരിച്ചറിഞ്ഞു. മാത്രമല്ല, ആ നിമിഷം ഇരുപത്തിരണ്ടാം സങ്കീർത്തനത്തിന്റെ അവസാന വരികളും എനിക്ക് വ്യക്തമായി: (ഭൂമിയുടെ അറ്റങ്ങൾ ഒക്കെയും ഓർത്തു യഹോവയിങ്കലേക്കു തിരിയും... വരുവാനിരിക്കുന്ന തലമുറയോടു കർത്താവിനെക്കുറിച്ചു പ്രസ്താവിക്കും).

ആ കുരിശിലെ മരണത്തെ പുനരുത്ഥാനം പൂർത്തീകരിച്ചു! ദൈവം അവനെ ഉപേക്ഷിച്ചതുകൊണ്ട് അവൻ മരിച്ചതല്ല; ഭൂമിയുടെ അറ്റത്തുള്ളവർക്കെല്ലാം ദൈവത്തിലേക്ക് തിരിഞ്ഞുവരുവാൻ വേണ്ടി അവൻ തന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുകയായിരുന്നു. അന്നുവരെയുണ്ടായിരുന്ന എന്റെ എല്ലാ ചിന്താക്കുഴപ്പങ്ങളും എന്നിൽനിന്ന് വിട്ടുമാറി. ഞാൻ അവനിൽ വിശ്വസിച്ചു. ഞാൻ മാത്രമല്ല എന്റെ കുടുംബവും

ശിമോൻ പറഞ്ഞുനിർത്തി. ആ മുറിയിൽ പ്രകാശം ഒന്നുകൂടി തെളിഞ്ഞതുപോലെ സകലർക്കുംതോന്നി.

അലക്സന്തരെയും രൂഫസിനെയും ശിമോൻ അഭിമാനത്തോടെ നോക്കി, അവർ ഇന്ന് സഭയിലെ നെടുംതൂണുകളാണ്. അവൻ തന്റെ ഭാര്യയെ സ്നേഹത്തോടെ നോക്കി, അപ്പൊസ്തലനായ പൗലോസ് അവരെ 'എന്റെ അമ്മ' എന്നാണ് ബഹുമാനത്തോടെ വിളിക്കാൻ ഇടയായത്.

ശിമോന്റെ കണ്ണുകൾ നിറഞ്ഞു, അവൻ പുഞ്ചിരിച്ചുകൊണ്ട് അന്ത്യോക്യയിലെ സഭയോടായി പറഞ്ഞു:

'ആ റോമൻ പട്ടാളക്കാർ കാരണം എന്റെ യെരുശലേമിലേക്കുള്ള യാത്രയും, എന്റെ പുണ്യദിനവും നശിച്ചു എന്നാണ് ഞാൻ അന്ന് കരുതിയത്. ഞാൻ ചുമന്ന ആ മരക്കുരിശ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അപമാനവും അനീതിയുമാണെന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ എനിക്ക് തീർത്തും തെറ്റിപ്പോയിരുന്നു...'

ശിമോൻ സദസ്യരെ നോക്കി, തന്റെ അരികെ നിന്ന യുവാവിനെ നോക്കി. പിന്നീട് ഒരല്പം നേർത്ത ശബ്ദത്തോടെ കൂട്ടിച്ചേർത്തു:

'എന്റെ പെസഹാ വെറുതെ മുടങ്ങുകയായിരുന്നില്ല സഹോദരാ, മറിച്ചു ലോകചരിത്രത്തിലെ ഒരേയൊരു യഥാർത്ഥ പെസഹായിൽ പങ്കുചേരാൻ ദൈവം എന്നെ തിരഞ്ഞെടുക്കുകയായിരുന്നു. ഞാൻ കുരിശിന്റെ വെറുമൊരു തടി മാത്രമേ ചുമന്നുള്ളൂ. എന്നാൽ പിതാവ് ഉപേക്ഷിച്ചു എന്ന് ആ ഇരുട്ടിൽ നിലവിളിച്ച ആ മനുഷ്യൻ... അവൻ ചുമന്നത് ലോകത്തിന്റെ മുഴുവൻ പാപഭാരവും ആയിരുന്നു.

ആ കൂരിരുട്ടിൽ, സകലരാലും കൈവിടപ്പെട്ട അവസ്ഥയിലും അവൻ തന്റെ പിതാവിനെ ഇറുക്കി പിടിച്ചതുകൊണ്ട്... ഇന്ന് നാമോരോരുത്തരും ഒരിക്കലും കൈവിടപ്പെടാത്തവരായി മാറിയിരിക്കുന്നു. ●



ഫ്രാൻസിസ് ഫ്രാങ്കിപ്പെൻ

# സഹോദരിമാർ ദൈവപദ്ധതികളിലെ പങ്കാളികൾ

മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവം പുരുഷനെയും സ്ത്രീയെയും തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. എന്നാൽ ഈ സൃഷ്ടി ഒരുപോലെയല്ല, മറിച്ച് പരസ്പരപൂരകമായ വ്യത്യസ്ത കൃപകളും കഴിവുകളും ഉള്ളവരായിരുന്നു. ഈ ദൈവിക ക്രമത്തിൽ പുരുഷനും സ്ത്രീക്കും ലഭിച്ച കഴിവും അധികാരങ്ങളും കൃപയും തമ്മിൽ മത്സരിക്കുവാനല്ലായിരുന്നു. ആദാമിന് ദൈവം നൽകിയ കൃപയാലായിരുന്നു സകല ജീവജാലങ്ങൾക്കും പേരിട്ടത്. ജീവജാലങ്ങൾക്കു പേരിടുക എന്നത് സാധാരണ ഒരു പ്രവൃത്തി മാത്രമല്ല; അത് സൃഷ്ടിയുടെ ക്രമവും തിരിച്ചറിയലും സ്ഥാപിക്കുന്ന ദൈവിക പദ്ധതിയായിരുന്നു. ദൈവം സൃഷ്ടിച്ച വസ്തുക്കളെ തിരിച്ചറിഞ്ഞ് അവയ്ക്ക് അർത്ഥവും രൂപവും നൽകുന്ന പേരിടുവാനുള്ള കഴിവ് മനുഷ്യനിൽ സ്ഥാപിതമായി. ഇങ്ങനെ, ആദാമിലൂടെ മനുഷ്യജീവിതത്തിൽ ക്രമവും ഘടനയും പ്രവേശിച്ചു.

എന്നാൽ, ആദാമിൽ സ്ത്രീ മറയപ്പെട്ടാണ് കഴിഞ്ഞിരുന്നത്, സ്ത്രീ അപ്പോൾ അദൃശ്യമായിരുന്നല്ലോ. പുരുഷനെ സജീവമാക്കാൻ ദൈവം സ്ത്രീയെ അവനിൽ നിന്നും സൃഷ്ടിച്ചു. ആദാമിന്റെ വാരിയെല്ലിൽ നിന്ന് രൂപപ്പെട്ട ഹവ്വ അവനു തക്ക തുണയായി മാറി. ആദാമിനെ സന്തോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ദൈവിക ശക്തിയായി അവൾ നിലകൊണ്ടു. വിശേഷാൽ, ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യാനുള്ള ദൈവിക വരദാനം മനുഷ്യജീവിതത്തിൽ വംശവർദ്ധനവിന് മുഖാന്തിരമായി. പുരുഷനും സ്ത്രീയും തമ്മിലുള്ള ഐക്യതയിലൂടെയാണ് ദൈവസ്വഭാവത്തിന്റെ സമ്പൂർണ്ണത മനുഷ്യരിൽ പ്രതിഫലിച്ചത്. ഓരോരുത്തരും ദൈവത്തിന്റെ ചില ഗുണങ്ങൾ പ്രതിഫലിപ്പിക്കുന്നുവെങ്കിലും, പരസ്പര ബഹുമാനത്തിലും സഹകരണത്തിലും ഒരുമിച്ച് ജീവിച്ചാൽ മാത്രമേ ആ സമ്പൂർണ്ണത പ്രാപ്യമാകയുള്ളൂ.

ആദാം, സ്ത്രീയെ ഹവ്വ എന്ന് വിളിച്ചപ്പോൾ, ‘അവൾ ജീവനുള്ളവർക്കെല്ലാം മാ താവല്ലോ’ എന്ന പ്രവചനം മാത്രമായിരുന്നില്ല സംഭവിച്ചത്. മനുഷ്യന് വീട് പണിയാൻ കഴിയും; പക്ഷേ അത് ഒരു ഭവനമാകുന്നത് സ്ത്രീയുടെ വിവേകത്തി

ലൂന്നിയുള്ള ഇടപെടലുകളിലൂടെയാണ്. ഇതേ ദൈവികക്രമം ആത്മീയലോകത്തും കാണാം. പുരുഷന്മാർ സാധാരണയായി ഉത്തരവാദിത്തവും നേതൃപാടവവും കഴിവുമുള്ളവരായിരിക്കുമ്പോൾ, സ്ത്രീകൾ ആത്മീയ സൂക്ഷ്മതയിലും പ്രാർത്ഥനയിലും ജാഗരിച്ച് ദൈവികജീവൻ എല്ലായിടത്തും ഉളവാക്കുന്നതിൽ പ്രത്യേക കഴിവ് പ്രകടിപ്പിക്കുന്നു. ഇത് ഒരു പൊതുവായ നിരീക്ഷണമാണ്; ആത്മീയതയിൽ എല്ലാവർക്കും തുല്യപ്രാധാന്യമുണ്ട് എന്ന് നിഷേധിക്കുന്നില്ല.

സ്ത്രീയുടെ പ്രാർത്ഥനയുടെ ശക്തി ശ്രദ്ധേയമാണ്. പ്രാർത്ഥനയിൽക്കൂടി അവൾ ആത്മീയ ജീവൻ വെളിപ്പെടുത്തുന്നു. അവളുടെ ഹൃദയത്തിൽ ലഭിച്ച ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രാർത്ഥനയിലൂടെയും ദീർഘക്ഷമയിലൂടെയും പ്രാപിച്ചെടുക്കുന്നു. അവളുടെ ജീവിതം കേവലം ഉപരിപ്ലവമായ ബഹളങ്ങൾ മാത്രമല്ല എന്നർത്ഥം. ദൈവിക അനുഭവങ്ങളുടെ ഉത്തമഖനിയാണ് ഭക്തയായ സ്ത്രീ. ഇന്നത്തെ ലോകത്തിൽ അനീതിയും അസത്യവും വ്യാപകമാകുമ്പോൾ, നിയമങ്ങളും സംവിധാനങ്ങളും മാത്രം യഥാർത്ഥമാറ്റത്തിന് മതിയാകുന്നില്ല, അതിന് ദൈവസാന്നിധ്യം ആവശ്യമുണ്ട്. ആ സാന്നിധ്യം ഭൂമിയിൽ പ്രയോഗികമാക്കുവാൻ ദൈവം സ്ത്രീകൾക്ക് നൽകിയിരിക്കുന്ന കൃപ തിരിച്ചറിഞ്ഞുപയോഗിക്കേണ്ടത് അനിവാര്യമാണ്.

വഴിതെറ്റിയ മക്കൾക്കായി രാത്രികൾ കരഞ്ഞു പ്രാർത്ഥിച്ച അമ്മമാരുടെ കണ്ണീർ ഇതിന് സാക്ഷ്യം. അനേകം അമ്മമാരുടെ പ്രാർത്ഥനകൾ കഴിഞ്ഞ കാലങ്ങളിൽ ദൈവഹൃദയത്തെ സ്പർശിച്ചു. അവരുടെ നിരന്തരമായ ഇടപെടലുകൾ അനേകം മക്കളെ ദൈവത്തിങ്കലേക്കു തിരിച്ചുകൊണ്ടുവന്നു. അമ്മയുടെ പ്രാർത്ഥന, വ്യക്തിജീവിതത്തെ മാത്രം അല്ല, ഒരു തലമുറയെ പോലും രൂപാന്തരപ്പെടുത്തുവാൻ കഴിയുന്നതാണ്. സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അവളുടെ ജീവിതം വെറും കുടുംബകാര്യങ്ങളിൽ മാത്രം ഒതുങ്ങുവാനുള്ളതല്ല. അവൾ ദൈവത്തിന്റെ പദ്ധതികളിൽ പങ്കാളിയാണ്. അവളുടെ പ്രാർത്ഥനകൾ നഗരങ്ങളെയും രാഷ്ട്രങ്ങളെയും സ്വാധീനിക്കാൻ ശേഷിയുള്ളതാണ്. അതുകൊണ്ട്, ദൈവഭക്തയായ സ്ത്രീകളേ, നിങ്ങൾക്ക് നൽകിയിരിക്കുന്ന ഈ ദൈവിക വിളി ചെറുതായി കാണരുത്. നിങ്ങൾക്കുള്ളത് വെറും കരുണയോ സ്നേഹമോ അല്ല, പ്രത്യുത, ആത്മീയശക്തിയാണ്.

**വഴിതെറ്റിയ മക്കൾക്കായി രാത്രികൾ കരഞ്ഞു പ്രാർത്ഥിച്ച അമ്മമാരുടെ കണ്ണീർ ഇതിന് സാക്ഷ്യം. അമ്മമാരുടെ പ്രാർത്ഥന കഴിഞ്ഞ കാലങ്ങളിൽ ദൈവഹൃദയത്തെ സ്പർശിച്ചു. അവരുടെ നിരന്തരമായ ഇടപെടലുകൾ മക്കളെ ദൈവത്തിങ്കലേക്കുതിരിച്ചു കൊണ്ടുവന്നു**

പുരുഷനും സ്ത്രീയും ചേർന്ന് ദൈവഹിതം നിറവേറ്റുമ്പോൾ, ദൈവത്തിന്റെ മഹത്വം കൂടുതൽ തെളിഞ്ഞുവരുന്നു. ഈ സഹകരണത്തിലാണ് ആത്മികവർദ്ധനവ് സാധ്യമാകുന്നത്. ദൈവം സ്ത്രീയെ കാണുന്നത് പ്രകാശത്തിൽ മൂടപ്പെട്ട, ആത്മീയഅധികാരത്തോടെ നിലകൊള്ളുന്നവളായാണ്. അവളുടെ ജീവിതം വെറും യാത്രയല്ല; അത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്.

പ്രാർത്ഥനാപോരാളികളായി സഹോദരിമാർ എഴുന്നേൽക്കുമ്പോൾ, അതിന്റെ പ്രകമ്പനം ആദ്യം അവരുടെ ഹൃദയങ്ങളിലും പിന്നെ അവരുടെ കുടുംബങ്ങളിലും സഭയിലും സമൂഹങ്ങളിലും പ്രകടമാകുന്നു. അവർ ചൊരിയുന്ന കണ്ണുനീരും പ്രാർത്ഥനകളും ദൈവത്തെ സ്പർശിക്കുന്നു; ആ പ്രാർത്ഥനകൾ ദൈവശക്തിയെ ഭൂമിയിൽ പ്രവർത്തിപ്പിക്കുന്നു.

പുറംലോകം പ്രാർത്ഥിക്കുന്നവരെ ഒരുപക്ഷെ കണ്ടില്ല എന്നുവന്നേക്കാം. എന്നാൽ ദൈവം അവരുടെ വിശ്വാസത്തെയും സമർപ്പണത്തെയും വിലമതിക്കുന്നു. അതുകൊണ്ട് സ്ത്രീകൾ അവരുടെ പ്രാർത്ഥന നിറവേറ്റുമ്പോൾ അവർ തലമുറകളെ ദൈവത്തിങ്കലേക്കു നയിക്കുന്നവരാകും നിശ്ചയം! അതുകൊണ്ട് പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പ്രാർത്ഥനാപോരാളികളുമായ സഹോദരിമാരുടെ ഒരു വലിയ സൈന്യം ജാഗ്രതയോടെ ഉയർന്നുവരട്ടെ. അവർ ആത്മീയശക്തിയാൽ ദൈവത്തിന്റെ പ്രവൃത്തികൾ ഭൂമിയിൽ വെളിപ്പെടുത്തട്ടെ. അവരുടെ വിശ്വാസവും സമർപ്പണവും ലോകത്തെ മാറ്റുന്ന ശക്തിയായി മാറട്ടെ. •

# ഇദ്ധരയിൽ എന്നെ ഇത്രമേൽ സ്നേഹിപ്പാൻ

**പാ**പവഴികളിലൂടെ സഞ്ചരിക്കുന്നവർ അനുഭവിക്കുന്നതിലും അധികം എതിർപ്പുകളും പ്രയാസങ്ങളും വെറുപ്പും ബന്ധുമിത്രാദികളിൽ നിന്ന് അനുഭവിക്കേണ്ടിവരുന്നത് ശരിയായ ദൈവവഴികളിലൂടെ സഞ്ചരിക്കുന്നവരാണ്. കുന്നംകുളത്തിനടുത്ത് 'പോർക്കളം' എന്ന സ്ഥലത്ത് ജനിച്ച് ഗാന രചയിതാവായി മാറി കെ. വി. ചേറു ഉപദേശി. ഇരുപതാം വയസ്സിൽ കർത്താവിനെ സ്വീകരിച്ച അദ്ദേഹം ഇരുപത്തിമൂന്നാം വയസ്സിൽ സുവിശേഷ വേലയിൽ തൽപരനായി ശുശ്രൂഷാരംഗത്തെത്തി. യെശയ്യാവ് 43: 1 - 3 വരെയുള്ള വാക്യങ്ങളാണ് ദൈവവേലയ്ക്ക് സമർപ്പിക്കുവാൻ പ്രചോദനമായത്. ഇക്കാലയളവിൽ ഒരു നവീകരണ പ്രസ്ഥാനത്തോടു ചേർന്നാണ് താൻ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ആരുടെയും യാതൊരുവിധ സഹായങ്ങളും തനിക്ക് ലഭിച്ചിരുന്നില്ലെന്നു മാത്രമല്ല ഭവനത്തിൽ നിന്നും ചാർച്ചക്കാരിൽ നിന്നും എതിർപ്പുകൾ ഉണ്ടാവുകയും ചെയ്തു. എങ്കിലും അതൊന്നും ഗണ്യമാക്കാതെ കർതൃവേലയിൽ താൻ സന്തുഷ്ടനായി മുന്നേറി.


ഇങ്ങനെയിരിക്കുമ്പോൾ 1906 ഫെബ്രുവരി മാസത്തിലാണ് ലോനപ്പൻ ഉപദേശിയുമായി പരിചയപ്പെടുന്നതും അതേത്തുടർന്ന് അക്രൈസ്തവരുടെ മധ്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും സംഗതിയായത്. ഇക്കാലയളവിൽ തന്റെ ഇരുപത്തിയഞ്ചാം വയസ്സിൽ തനിക്കൊരു കുഞ്ഞ് പിറന്നു. തന്റെ കുഞ്ഞിന് സഭയുടെ ചട്ടപ്രകാരം മാമോദിസ മുക്കുന്നതിന് വീട്ടുകാരും ചാർച്ചക്കാരും ആവശ്യപ്പെട്ടു. എന്നാൽ ശിശുസ്നാനം വചനാനുസരണം അല്ലെന്നും, വിശ്വാസസ്നാനമാണ് ശരിയെന്നും ബോധ്യപ്പെട്ടിരുന്നതിനാൽ ചേറു ഉപദേശി തന്റെ കുഞ്ഞിനെ മാമോദിസ മുക്കുന്നതിനുള്ള മറ്റുള്ളവരുടെ ആവശ്യത്തെ നിരസിച്ചു. തുടർന്നും മാമോദിസ മുക്കുവാൻ വീട്ടുകാരും പട്ടക്കാരും സമ്മർദ്ദം ചെലുത്തി. തന്റെ പിതാവ് മകനെ പല സന്ദർഭങ്ങളിലും ഇക്കാരണം പറഞ്ഞു നിർദ്ദയം മർദ്ദിച്ചു എന്നു മാത്രമല്ല സ്വഭവനത്തിൽ നിന്ന് ഇറക്കിവിടുകയും ചെയ്തു.

യൗവ്വന പ്രായത്തിൽ ഭാര്യയോടും പിഞ്ചു പൈതലിനോടും കൂടെ, എല്ലാവരാലും വെറുക്കപ്പെട്ടവനായി സ്വന്തം ഭവനത്തിന്റെ പടിയിറങ്ങി. വിശ്വാസത്തിനു വേണ്ടി വീടു വിട്ട് ഇറങ്ങുമ്പോൾ തന്റെ ഹൃദയം വല്ലാതെ വേദനിച്ചു. തന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു എങ്കിലും ഭാര്യയുടെ കണ്ണുനീർ തുടച്ചു കൊടുത്തുകൊണ്ട് കുഞ്ഞിനെയും മാറോട് ചേർത്തുപിടിച്ച് താൻ കുന്നംകുളത്തേക്ക് നടന്നു. യേശുവിനെ മാത്രം നോക്കിക്കൊണ്ട്, കഷ്ടകാലത്തിലും കൈവിടാത്ത യേശുവിനെ ഉറ്റ സഖിയായി കണ്ടുകൊണ്ട്, ഓരോ ചുവടും വച്ചു. ഈ അനുഭവം തന്റെ മനസ്സിൽ തീക്കനലുകൾ ഉയർത്തി. എങ്കിലും, യേശുകർത്താവിന്റെ സ്നേഹവും കരുതലും ആസ്വദിക്കുവാൻ ഇടയാവുകയും അങ്ങനെ തന്റെ തീവ്ര ദു:ഖം വഴി മാറുകയും ചെയ്തു. പിന്നീട് ഒരുനാൾ ഈ അനുഭവങ്ങൾ ധ്യാനിച്ചു കൊണ്ടിരുന്നപ്പോൾ താൻ എഴുതിയ വരികളാണ്:

'കൂട്ടം വെറുത്തു കുലവും വെറുത്തന്നെ കൂട്ടുകാരും വെറുത്തു
എന്നാൽ കൂട്ടായിത്തീർന്നെന്റെ സ്വർഗ്ഗീയസ്നേഹിതൻ കഷ്ടകാലത്തും വിടാ-
മാതാപിതാക്കന്മാർ എന്നെ വെടിഞ്ഞാലും സന്താപം ഇല്ലെനിക്ക്
എന്റെ മാതാപിതാവേക്കാൾ അൻപു തിങ്ങിടുന്നോരേശുവുണ്ട് എനിക്ക്'

ഹൃദ്യമായ ഈ അനുഭവത്തിന്റെ വരികൾ പാടുമ്പോൾ നിറയാത്ത കണ്ണുകൾ കാണുമോ? രോഗക്കിടക്കയിലും സുവിശേഷം പറഞ്ഞുകൊണ്ടിരുന്ന ആ ഭക്തൻ, തന്റെ 60-ാം വയസ്സിൽ തികഞ്ഞ പ്രത്യാശയോടെ കർത്താവിനോടു ചേർന്നു. •





ഡോ. സുജിത്ത് സൈമൺ

# ഓർമ്മശക്തി മെച്ചപ്പെടുത്തുന്ന ശീലങ്ങൾ

ഇന്ന് മനുഷ്യരുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സ്മാർട്ട്ഫോണുകളും സോഷ്യൽ മീഡിയയും ഉറക്കക്കുറവ്, മാനസിക സമ്മർദ്ദം, തിരക്കേറിയ ജീവിതം എന്നിവയും പലരുടെയും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി ക്കഴിഞ്ഞു. ഇതിന്റെ ഫലമായി ചെറുപ്പക്കാരിൽപ്പോലും ശ്രദ്ധക്കുറവ്, മറവി, പഠിച്ച കാര്യങ്ങൾ ഓർമ്മയിൽ നിൽക്കാത്ത അവസ്ഥ, തുടങ്ങിയവ കൂടുതലായി കാണപ്പെടുന്നു. പ്രായം കൂടുന്നതിനനുസരിച്ച് ഡെമൻഷ്യ (മേധാക്ഷയം) പോലുള്ള രോഗങ്ങളും ലോകമെമ്പാടും വർധിച്ചുവരികയാണ്.

ഓർമ്മശക്തിയെയും തലച്ചോറിന്റെ ആരോഗ്യത്തെയും സ്വാധീനിക്കുന്ന ചില ഘടകങ്ങൾ നമ്മുടെ നിയന്ത്രണത്തിന് പുറത്താണെങ്കിലും, ജീവിതശൈലിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും നമുക്ക് നിയന്ത്രിക്കാനാകും. ആരോഗ്യകരമായ ചില ശീലങ്ങൾ ജീവിതത്തിൽ ഉൾപ്പെടുത്തുന്നത് ഓർമ്മശക്തി മെച്ചപ്പെടുത്താനും തലച്ചോറിന്റെ ആരോഗ്യം സംരക്ഷിക്കാനും സഹായിക്കും. മനുഷ്യന്റെ ശരീരവും മനസ്സും ആത്മാവും ഉത്തരവാദിത്തത്തോടെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യം ബൈബിളും നമ്മെ പഠിപ്പിക്കുന്നു. ആരോഗ്യകരമായ മനസ്സിനും ആത്മീയ വളർച്ചയ്ക്കും സഹായിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന ചില കാര്യങ്ങൾ ജീവിതശൈലിയാക്കേണ്ടത് അനിവാര്യമാണ്.

**1. ആവശ്യത്തിന് ഉറങ്ങുക:**

മനുഷ്യന്റെ തലച്ചോറിന് വിശ്രമം അത്യാവശ്യമാണ്. ദിവസവും മനസ്സിലേക്കെത്തുന്ന വിവരങ്ങൾ ശരിയായി ഓർമ്മയിൽ പതിയുന്നത് ഉറക്കത്തിനിടെയാണ്. അതുകൊണ്ട് ഏഴ് മുതൽ ഒമ്പത് മണിക്കൂർ വരെ നല്ല ഉറക്കം ആവശ്യമാണ്. ദീർഘകാലം ഉറക്കക്കുറവ് അനുഭവിക്കുന്നത് ശ്രദ്ധാശക്തിയെയും ഓർമ്മശക്തിയെയും ദുർബ്ബലമാക്കാം. ഇന്ന് പലരും രാത്രി വളരെ വൈകിയും മൊബൈൽഫോണും സോഷ്യൽ മീഡിയയും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ സ്ഥിരമായ സമയം, ഉറങ്ങി ഉണരുവാൻ ക്രമീകരിക്കുന്നത് ശരീരത്തിനും മനസ്സിനും ഗുണകരമാണ്. ഉറങ്ങുന്നതിന് മുമ്പ് സ്ക്രീൻ ഉപയോഗം കുറയ്ക്കുന്നതും നല്ലതാണ്. വിശ്രമത്തിന്റെ മൂല്യം ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തു പറഞ്ഞു: 'പ്രയാസപ്പെട്ടു ഭാരം ചുമക്കുന്നവരേ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങൾക്കു വിശ്രമം തരാം' (മത്തായി 11:28). ശരീരത്തിനും മനസ്സിനും ആത്മാവിനും വിശ്രമം ആവശ്യം എന്ന സത്യമാണ് ഈ വചനം പഠിപ്പിക്കുന്നത്.

**2. മന:സമ്മർദ്ദം കുറയ്ക്കുക**

ഇന്നത്തെ ലോകത്തിൽ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് മാനസിക സമ്മർദ്ദം. പഠനഭാരം, ജോലി, കുടുംബപ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ തുടങ്ങിയവ മനുഷ്യനെ സ്ഥിരമായ ഉത്കണ്ഠയിലേക്കു നയിക്കുന്നു. അമിതമായ സമ്മർദ്ദം ഓർമ്മശക്തിയെ ബാധിക്കും എന്നതിനാൽ മാനസികസമ്മർദ്ദം ദീർഘകാലം തുടരുമ്പോൾ ശരീരത്തിൽ 'കോർട്ടിസോൾ' എന്ന ഹോർമോണിന്റെ അളവ് കൂടും. ഇത് ഓർമ്മകളെ തലച്ചോറിൽ പതിപ്പിക്കാൻ സഹായിക്കുന്ന 'ഹിപ്പോകാമ്പസ്' എന്ന ഭാഗത്തെ പ്രതികൂലമായി ബാധിക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ സമ്മർദ്ദം നിയന്ത്രിക്കുന്നത് ഓർമ്മശക്തിക്കു വളരെ പ്രധാനമാണ്. പ്രാർഥന, ധ്യാനം, വ്യായാമം, നല്ല സുഹൃത്തുക്കളുമായി സംസാരിക്കുക, സമയം ക്രമീകരിക്കുക എന്നിവ സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കും. ബൈബിൾ പറയുന്നു: 'ഒന്നിനും ആശങ്കപ്പെടാതെ എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും നിങ്ങളുടെ അഭ്യർത്ഥനകൾ ദൈവത്തെ അറിയിപ്പിൻ' (ഫിലിപ്പിയർ 4:6). ദൈവസന്നിധിയിൽ ഭാരം ഇറക്കിവയ്ക്കുമ്പോൾ മനസ്സിന് സമാധാനം ലഭിക്കുന്നു.

**3. വ്യായാമവും ഭക്ഷണശീലങ്ങളും**

വ്യായാമം ശരീരത്തിനു മാത്രമല്ല, തലച്ചോറിന്റെ ആരോഗ്യത്തിനും അത്യാവശ്യമാണ്. സ്ഥിരമായി നടക്കുക, സൈക്കിൾ ചവിട്ടുക, ലഘുവായ വ്യായാമങ്ങൾ ചെയ്യുക തുടങ്ങിയവ തലച്ചോറിലേക്കുള്ള രക്തയോട്ടം വർധിപ്പിക്കുകയും ഓർമ്മശക്തിയെ സഹായിക്കുകയും ചെയ്യുന്നു. അതുപോലെ ആരോഗ്യകരമായ ഭക്ഷണശീലങ്ങളും വളരെ പ്രധാനമാണ്. പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം, നട്ട്സ്, ധാന്യങ്ങൾ എന്നിവ തലച്ചോറിന് ഗുണകരമാണ്. അമിതമായ പഞ്ചസാരയും ജങ്ക്ഫുഡും ഒഴിവാക്കുന്നതും ആവശ്യമാണ്. 'നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു' (1 കൊറിന്ത്യർ 6:19) എന്ന് ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം നല്കിയ ശരീരത്തെ കരുതലോടെ പരിപാലിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

**4. തലച്ചോറിനെ സജീവമാക്കുക**

പുതിയ കാര്യങ്ങൾ പഠിക്കുന്നതും വായനയും ഓർമ്മശക്തി മെച്ചപ്പെടുത്താൻ സഹായിക്കുന്നു. പുതിയ ഭാഷകൾ പഠിക്കുക, പുസ്തകങ്ങൾ വായിക്കുക, പസിലുകൾ അഥവാ കടങ്കഥയിലെ കുഴയ്ക്കുന്ന ചോദ്യങ്ങളുടെ ഉത്തരം ചിന്തിച്ചും മനസ്സിലാക്കിയും കണ്ടെത്തുന്ന പ്രശ്നപരിഹാരമാർഗ്ഗം ശീലിക്കുക, സംഗീതം അഭ്യസിക്കുക തുടങ്ങിയവ തലച്ചോറിനെ സജീവമാക്കും. ഇന്ന് പലരും എന്തെങ്കിലും മറന്നാൽ ഉടൻ ഗൂഗിളിനെയോ എ.ഐ. യെയോ ആശ്രയിക്കുന്ന പ്രവണത കാണിക്കുന്നു. എന്നാൽ സ്വയം ഓർത്തെടുക്കാൻ ശ്രമിക്കുന്നത് ഓർമ്മശക്തിക്ക് നല്ല പരിശീലനമാണ്. നിർമ്മിതബുദ്ധിയുടെ അമിത ഉപയോഗം തലച്ചോറിനെ നിർജ്ജീവമാക്കാനിടയുണ്ട്. ബൈബിൾ പറയുന്നു, 'അതുകൊണ്ട് അവിവേകികളായിട്ടല്ല, വിവേകികളായിത്തന്നെ ജീവിക്കുക. ഇത് വഷളത്തം വർധിതമായ കാലമാണ്; അതുകൊണ്ട് ലഭിക്കുന്ന അവസരങ്ങളൊന്നും പാഴാക്കാതെ പരമാവധി പ്രയോജനപ്പെടുത്തുക'.

**5. സ്ക്രീൻ ഉപയോഗത്തിൽ ശ്രദ്ധിക്കുക**

തുടർച്ചയായി സോഷ്യൽമീഡിയ ഉപയോഗിക്കുന്നതും പല ആപ്പുകളിലേക്കും മാറുന്നതും തലച്ചോറിനെ ക്ഷീണിപ്പിക്കും. പഠനത്തിനിടയിൽ നോട്ടിഫിക്കേഷനുകളിലേക്കു ശ്രദ്ധ തിരിയുന്നതും പഠിച്ച കാര്യങ്ങൾ ഓർമ്മയിൽ പതിയാതിരിക്കാൻ കാരണമാകാം. അതുകൊണ്ട് അനാവശ്യ നോട്ടിഫിക്കേഷനുകൾ ഓഫ് ചെയ്യുകയും സ്ക്രീൻ ഉപയോഗത്തിന് പരിധി നിശ്ചയിക്കുകയും ചെയ്യുന്നത് നല്ലതാണ്. യേശു പറഞ്ഞു, 'നിന്റെ കണ്ണ് ശുദ്ധമായിരിക്കുമെങ്കിൽ ശരീരം മുഴുവൻ പ്രകാശമുള്ളതായിരിക്കും' (മത്തായി 6:22). നമ്മുടെ ശ്രദ്ധ ഏതിന്മേലാണ് കേന്ദ്രീകരിക്കുന്നത് എന്നത് ജീവിതത്തെ സ്വാധീനിക്കുന്നു. ഓർമ്മശക്തി മെച്ചപ്പെടുത്തുന്നത് പഠനവിജയത്തിനോ തൊഴിൽ നേട്ടത്തിനോ വേണ്ടി മാത്രമല്ല.

ദൈവം നല്കിയ ജീവിതത്തെ ഉത്തരവാദിത്തത്തോടെ നയിക്കാനും ആരോഗ്യമുള്ള മനസ്സ് ആവശ്യമാണ്. ശരിയായ ഉറക്കം, സമ്മർദ്ദനിയന്ത്രണം, വ്യായാമം, ആരോഗ്യകരമായ ഭക്ഷണം, നിയന്ത്രിത സ്ക്രീൻ ഉപയോഗം, വായന, പ്രാർത്ഥന, വചനധ്യാനം, ആത്മീയകൂട്ടായ്മ ഇവയെല്ലാം ചേർന്നാണ് ആരോഗ്യകരമായ മനസ്സും, കൃത്യതയുള്ള ഓർമ്മശക്തിയും വളരുന്നത്. ദൈവം നല്കിയ ആത്മാവിനെയും മനസ്സിനെയും ശരീരത്തെയും കരുതലോടെ പരിപാലിക്കാം. ●



മനു എം.എം

# ക്രൂശിൻ മറവിൽ

എക്കാലത്തും ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിനെക്കുറിച്ചുള്ള സ്വദ്വാർത്ത യാണ് സത്യസുവിശേഷം. എന്നാൽ ഒന്നാംനൂറ്റാണ്ടു മുതൽ മറ്റൊരു സുവിശേഷം പ്രസംഗിക്കുന്നവർ ഉണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ നിന്ദയും കഷ്ടവും വേദന യും എല്ലാം തെറ്റായി വിശദീകരിക്കുന്ന ഒരു ശൈലി വ്യാപകമായി ഇന്ന് കാണപ്പെടു ന്നു. യേശു അടിയേറ്റത്, നിന്ദിക്കപ്പെട്ടത്, നഗ്നനാക്കപ്പെട്ടത്, കുരിശിൽ തൂക്കപ്പെട്ടത് ഇതിന്റെയൊക്കെ അർത്ഥം മനുഷ്യന്റെ ഇന്നത്തെ ജീവിതസൗകര്യങ്ങളും സുരക്ഷ യും വർധിപ്പിക്കുവാൻ വേണ്ടിയാണെന്നാക്കി സമൃദ്ധിയുടെ സുവിശേഷം ആയി വ്യാ ഖ്യാനിക്കപ്പെടുന്നു. മാനസാന്തരത്തിന്റെയും പാപക്ഷമയുടെയും വീണ്ടുംജനനത്തി ന്റെയും അനിവാര്യത തമസ്ക്കരിക്കപ്പെടുന്നു. യേശു അടിയേറ്റത് നിങ്ങൾക്ക് ആ രുടെയും കയ്യിൽ നിന്ന് അടി കിട്ടാതിരിക്കാനും, യേശു നിന്ദിക്കപ്പെട്ടത് നിങ്ങൾ അ പമാനിക്കപ്പെടാതിരിക്കാനും, യേശു ദരിദ്രനായത് നിങ്ങൾ സമ്പന്നരാകാനും എന്ന രീതിയിൽ ക്രൂശിന്റെ മഹത്തായ സന്ദേശത്തെ വികലവും ജഡികവുമായി തരം താഴ്ത്തി പ്രസംഗിക്കുന്ന ജഡികരായ പ്രസംഗകർ അരങ്ങു തകർക്കുന്നു. മനുഷ്യ നു ഐഹികസമൃദ്ധി വാഗ്ദാനം ചെയ്തു കൊണ്ടുള്ള സന്ദേശങ്ങൾ പല വേദികളി ലും മുഴങ്ങുന്നു. ഇതിലൂടെ ക്രൂശ് മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുന്ന ഇടമല്ലാ തായി. പ്രത്യുത മനുഷ്യനെ ഈ ലോകത്തിൽ സുഖത്തോടെ നിലനിർത്താനുള്ള ഒരു ഉപാധിയാക്കി ദുരുപദേശങ്ങളിലൂടെ സാത്താൻ മാറ്റി.

ഈ തരത്തിലുള്ള സന്ദേശങ്ങളിൽ പാപം പ്രധാന പ്രശ്നമേയല്ല. ദൈവത്തിന്റെ നീതി ഒരു പശ്ചാത്തലശബ്ദം മാത്രമാണ്. മനുഷ്യന്റെ വേദന, നഷ്ടം, അപമാനം, സാമ്പത്തിക അവസ്ഥ ഇതെല്ലാം കേന്ദ്രവിഷയമായി മാറുന്നു. യേശു വീണ്ടെടുപ്പു കാരനും രക്ഷകനുമായല്ല, പ്രശ്നപരിഹാരകനായി മാത്രം അവതരിപ്പിക്കപ്പെടുന്നു. ക്രൂശ് ദൈവത്തിന്റെ ന്യായവിധി നടന്ന ഇടമായിട്ടല്ല പ്രത്യുത, മനുഷ്യന്റെ ജീവിത ത്തിലെ ദുരനുഭവങ്ങൾ ഒഴിവാക്കാനുള്ള ഒരു മായാജാലമാക്കി അവതരിപ്പിക്കുന്നു. ഇതാണ് സുവിശേഷത്തിന്റെ ഏറ്റവും അപകടകരമായ വഴിമാറൽ. ഇവർ പരസ്യമാ യി യേശുവിനെ നിഷേധിക്കുന്നില്ല; പക്ഷേ യേശുവിനെ തന്നെ ഉപയോഗിച്ച് സത്യം മറയ്ക്കുന്നു.

വചനം ഈ തെറ്റായ പഠിപ്പിക്കലിനെതിരെ സ്പഷ്ടമായി നിലകൊള്ളുന്നു. ബൈബിൾ, മനുഷ്യനെ ദൈവത്തിന്റെ മുമ്പാകെ കുറ്റക്കാരനായി, യാതൊരു അവ കാശങ്ങളുമില്ലാത്തവനായി, ഒരു ന്യായീകരണവുമില്ലാത്തവനായി അവതരിപ്പിക്കു ന്നു. നാം ഓരോരുത്തരും ദൈവത്തിന്റെ പരമനീതിയുടെ മുമ്പാകെ വിധിക്കപ്പെട്ട് നിത്യമരണത്തിന് അർഹരായിരുന്നു. ദൈവസന്നിധിയിൽ യാതൊന്നിനും അവകാ

ശമില്ലാത്തവരുമായിരുന്നു. പാപത്തിന്റെ വേതനം മരണമാണെന്നും, എല്ലാവരും പാപം ചെയ്തുവെന്നും, ജന്മനാതന്നെ നാം കോപത്തിന്റെ മക്കളായിരുന്നുവെന്നും ദൈവവചനം സത്യവും വ്യക്തവുമായി പറയുന്നു. ഈ സത്യത്തെ മറികടന്നുകൊണ്ട് ക്രൂശിനെ ശരിയായി മനസ്സിലാക്കാൻ ഒരിക്കലും കഴിയില്ല.

ക്രൂശിൽ സംഭവിച്ചത് മനുഷ്യരുടെ ക്രൂരതയുടെ ചരിത്രം മാത്രമല്ല. അവിടെ നടന്നത് ദൈവത്തിന്റെ നീതിപൂർണ്ണമായ ന്യായവിധിയുമായിരുന്നു. നാം ഏറ്റെടുക്കേണ്ട ശിക്ഷ, അനുഭവിക്കേണ്ട ദൈവക്രോധം, പാപിക്കവകാശപ്പെട്ട നിത്യമരണം ഇതെല്ലാം യേശു ഏറ്റുവാങ്ങി. അവൻ നമ്മുടെ പാപങ്ങൾ തന്റെ ശരീരത്തിൽ ക്രൂശിന്മേൽ വഹിച്ചു. 'എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. (യെശയ്യാവ് 53:5). നാമോരോരുത്തരും അർഹിച്ച ശിക്ഷ, യേശു ഏറ്റെടുത്തു, പകരമായി ദൈവത്തിന്റെ നീതി നമുക്ക് നൽകി. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:21).

ക്രൂശിൽ ദൈവത്തിന്റെ പരമനീതി നടപ്പായതുപോലെതന്നെ, ദൈവത്തിന് നമ്മോടുള്ള സ്നേഹവും പ്രദർശിപ്പിക്കപ്പെട്ട ഇടം കൂടിയാണ് ക്രൂശ്. നിത്യശിക്ഷാവിധിയിൽ ആയിരുന്ന നമ്മെ വീണ്ടെടുക്കാൻ ക്രിസ്തു നമ്മുടെ പകരക്കാനായി ക്രൂശിൽ മരിച്ചു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:8). യേശു, മരണത്തിന്റെ അധികാരി ആയ പിശാചിനെ തന്റെ മരണത്താൽ നീക്കി, മരണഭയത്തിലായിരുന്ന നമ്മെ ഓരോരുത്തരെയും എന്നന്നേക്കുമായി രക്ഷിച്ചു. ഇതാണ് യഥാർത്ഥത്തിൽ ക്രൂശിന്റെ സന്ദേശം; 'ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.' (1 കൊരിന്ത്യർ 1:18).

അതിനർത്ഥം യേശു നമ്മുടെ വേദന, അപമാനം, നിന്ദ, പരിഹാസം എന്നിവ അറിയാത്തവൻ എന്നല്ല . എബ്രായർ 4:15,16 ൽ ഇപ്രകാരം കാണുന്നു, 'നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക. അവൻ എല്ലാറ്റിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു. അതുകൊണ്ടുതന്നെ നമ്മോട് കരുണ കാണിക്കുവാൻ കഴിവുള്ള മഹാപുരോഹിതൻ കൂടെയാണ്. തന്റെ അടുക്കലേക്ക് ഏതുസമയവും നമുക്ക് കടന്നുചെല്ലാം. പക്ഷേ ഈ വചനം ഒരിക്കലും ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ പ്രാധാന്യത്തെ നിസ്സാരവൽക്കരിക്കുന്നുമില്ല. യേശു നമ്മുടെ വേദന മനസ്സിലാക്കുന്നു എന്നത് സത്യം തന്നെയാണ് എങ്കിലും ക്രൂശിന്റെ സന്ദേശം മനുഷ്യന്റെ പാപവും ദൈവത്തിന്റെ നീതിയുമാണ്.

ക്രൂശ് പാപത്തിൽ നിന്ന് മാനവരാശിക്ക് രക്ഷപ്പെടാനുള്ള ഏക മാർഗ്ഗമാണ്. യേശു, ശിക്ഷ ഏറ്റെടുത്തത് നമ്മെ ദൈവത്തോട് നിരപ്പിക്കുവാൻ വേണ്ടിയായിരുന്നു; അല്ലാതെ ലോകത്തിൽ കഷ്ടവും നഷ്ടവും ഇല്ലാത്ത ജീവിതം ഉറപ്പാക്കാൻ വേണ്ടിയല്ല. യേശുപറഞ്ഞത് 'നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇത് നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹന്നാൻ 16:33) പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്: 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ.' (ലൂക്കൊസ് 9:23). ക്രൂശ് നമ്മെ മാനുഷികമായ ആശ്വാസത്തിലേക്കല്ല, ദൈവികമായ രക്ഷയിലേക്കാണ് നയിക്കുന്നത്. അവിടെ ദൈവത്തിന്റെ നീതി മഹത്വപ്പെടുന്നു, കരുണ ലഭിക്കുന്നു. അതാണ് വചനസത്യം. സത്യം ഗ്രഹിക്കുവാൻ നമ്മുടെ ഹൃദയദൃഷ്ടികൾ ദൈവം പ്രകാശിപ്പിക്കട്ടെ. ●



# അല്പമേ വേണ്ടൂ, അല്ല ഒന്നുമതി

**ബൈ**ബിളിലെ സ്ത്രീകഥാപാത്രങ്ങളിൽ സ്വഭാവവൈവിദ്ധ്യത്താൽ ശ്രദ്ധേയരായ രണ്ടുപേരാണ് മാർത്തയും മറിയയും. അവർ സഹോദരനായ ലാസറിന്റെ കൂടെ ബെഥാന്യയിൽ പാർത്തിരുന്നു. സ്നേഹവും വിശ്വാസവും നിറഞ്ഞ ഒരു കുടുംബം. ആ വീട്ടിലെ സന്ദർശകനായിരുന്നു യേശു. ആ വീട്ടിലേക്ക് വന്ന യേശുവിനെ കേവലം അതിഥിയായിട്ടു മാത്രമല്ല, പ്രത്യുത ജീവന്റെ കർത്താവായ ക്രിസ്തു ആയിട്ടായിരുന്നു അവർ കൈക്കൊണ്ടത്.

എന്നാൽ ഒരേവീട്ടിൽ വളർന്ന ഈ രണ്ടു സഹോദരിമാരുടെ മുൻഗണന വ്യത്യസ്തമായിരുന്നു. മാർത്ത യേശുവിനെ ശുശ്രൂഷിക്കുന്നതിനു പ്രഥമ പരിഗണന കൊടുത്തപ്പോൾ, മറിയ കർത്താവിൽ നിന്നും ശുശ്രൂഷ അനുഭവിക്കുന്നതിനു പ്രഥമ പരിഗണന കൊടുത്തു. 'നിന്റെ ആലോചനയാൽ നീ എന്നെ നടത്തണമേ, പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളണമേ, സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല' എന്നു ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ആസാഫിനെപ്പോലെ! മാർത്ത, തിരക്കേറിയ ശുശ്രൂഷകൾ ചെയ്തു കുഴഞ്ഞുപോയ ഒരു വിഭാഗത്തെ പ്രതിനിധീകരിക്കുമ്പോൾ, മറിയ ആത്മാവിന്റെ പോഷണത്തിനായി യേശുവിന്റെ വാക്കുകൾ കേട്ടു ആത്മികവളർച്ച പ്രാപിക്കുവാൻ ദാഹിക്കുന്ന ഒരു ന്യൂനപക്ഷത്തെ പ്രതിനിധീകരിക്കുന്നു. ലൂക്കോസിന്റെ സുവിശേഷത്തിലെ ഈ സംഭവം സാധാരണമായ ഒന്നല്ല. പ്രത്യുത ഇന്നത്തെ സഭയ്ക്കും പ്രത്യേകിച്ച് ദൈവവേലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും വിശേഷാൽ സഹോദരിമാർക്കും ദൈവം നൽകുന്ന ആത്മീയദർശനമാണ്. അതായത് നമ്മുടെ ആത്മികജീവിതത്തിൽ ഊന്നൽ കൊടുക്കേണ്ട വിഷയം എന്തെന്ന് നമ്മെ പഠിപ്പിക്കുന്നു.

മാർത്ത ഉത്തരവാദിത്തമുള്ള സ്ത്രീയായിരുന്നു. എങ്കിലും പ്രവർത്തനത്തിന്റെ തിരക്കിൽ ദൈവസാന്നിധ്യം അനുഭവിക്കുവാൻ കഴിയുന്നില്ലെങ്കിലോ? വീട്ടിലെ ജോലിയും അതിഥിസൽക്കാരവും പ്രധാനം തന്നെയാണ്. കർത്താവ് വീട്ടിൽ വന്നപ്പോൾ ഏറ്റവും നല്ലത് ഒരുക്കിക്കൊടുക്കണമെന്ന ആഗ്രഹം അവളുടെ ഹൃദയത്തിൽ നിറഞ്ഞിരുന്നു. അതുകൊണ്ടാണ് അവൾ ശുശ്രൂഷയുടെ തിരക്കുകളിൽ മുഴുകിപ്പോയത്. മാർത്തയെ നമുക്ക് കുറ്റപ്പെടുത്താനാവുമോ? സഭയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ മാർത്തയെപ്പോലുള്ളവർ അനിവാര്യമാണ്. ഇന്നും അനേകം സ്ത്രീകൾ അറിയപ്പെടാത്തവരായി ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ദൈവദാസന്മാർക്കും വിശ്വാസികൾക്കും വേണ്ടി നല്ല ഭക്ഷണം പാചകം ചെയ്യുന്നു, അതിഥികളെ സ്വീകരിക്കുന്നു, ഇങ്ങനെയുള്ളവരെയൊന്നും പലപ്പോഴും വേദിയിൽ കാണാറില്ലെങ്കിലും

**ഇങ്ങനെയുള്ളവരെയൊന്നും പലപ്പോഴും വേദിയിൽ കാണാറില്ലെങ്കിലും ഇവരും സഭയ്ക്ക് ആശ്വാസമായി എണ്ണപ്പെടേണ്ടവരല്ലേ?**

ഇവരും സഭയ്ക്ക് ആശ്വാസമായി എണ്ണപ്പെടേണ്ട വരല്ലേ?

മാർത്തയുടെ ശുശ്രൂഷ അനിവാര്യമായിരുന്നെങ്കിലും അവളുടെ ജീവിതത്തിൽ മുൻഗണന നൽകിയതിൽ പിഴവ് സംഭവിച്ചു. തിരക്കിട്ട ശുശ്രൂഷ അവളെ കർത്താവിൽ നിന്ന് അകറ്റിത്തുടങ്ങി. പ്രവർത്തനത്തിരക്കിൽ ദൈവസന്നിധിയിൽ ഇരിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അതവളുടെ ഉള്ളിലെ ദൈവികസമാധാനം നഷ്ടപ്പെടുത്തി. ഒടുവിൽ അവളുടെ ഹൃദയത്തിൽ പരാതി വളർന്നു. 'കർത്താവേ, എന്റെ സഹോദരി എന്നെ തനിയെ ശുശ്രൂഷ ചെയ്യാൻ വിട്ടിരിക്കുന്നു എന്നതിൽ നിനക്ക് വിചാരമില്ലയോ' എന്ന വാക്കുകളിൽ പിറുപിറുപ്പും അസ്വസ്ഥതയും കേൾക്കാം. ഇവിടെ നാം ശ്രദ്ധിക്കുമ്പോൾ അവളുടെ പരാതിയിൽ ആദ്യം കുറ്റപ്പെടുത്തിയത് യേശുവിനെത്തന്നെയല്ലേ? മറിയ സഹായിക്കാത്തതിൽ നിനക്ക് വിചാരമില്ലയോ എന്നതാണ് യേശുവിനെതിരെ അവളുടെ പരാതി.


ഇത് ഇന്നത്തെ അനേകം വിശ്വാസികളുടെ അവസ്ഥയാണ്. ദൈവവേല ചെയ്യുന്നു, എന്നാൽ ഉള്ളിൽ സന്തോഷമില്ല. ശുശ്രൂഷയുണ്ട്, സമാധാനമില്ല. സഭയിൽ സജീവമാണ്, ദൈവസാന്നിധ്യത്തിന്റെ അനുഭവങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയില്ലാത്ത പ്രവർത്തനം ഒടുവിൽ ആത്മീയ മാന്ദ്യത്തിലേക്കും ക്രമേണ അസംതൃപ്തിയിലേക്കുമാണ് നയിക്കുന്നത്.

കർത്താവിന്റെ സന്നിധിയിൽ ഇരിക്കാതെ തിരക്കിട്ട ശുശ്രൂഷകൾ മാത്രമായാൽ ഒടുവിൽ ശുശ്രൂഷ തന്നെ ഭാരമായി തീർന്നേക്കാം. 'തന്നോട് കൂടെയിരിക്കുവാനാണ്' യേശു ശിഷ്യന്മാരെ തിരഞ്ഞെടുത്തുതെന്നു മറന്നു കൊണ്ടാകരുത് ഒരു ശുശ്രൂഷയും.

മറിയയുടെ ശ്രേഷ്ഠത ക്രിസ്തുപാദാന്തികെ ഇരുന്ന് ആത്മികപോഷണം പ്രാപിക്കുക എന്നതിലായിരുന്നു. ലോകം തിരക്കിലായിരിക്കുമ്പോൾ, അവൾ ആ പാദപീഠം തിരഞ്ഞെടുത്തു. ശബ്ദമുഖരിതമായ ചുറ്റുപാടിൽ അവൾ വചനത്തിന്റെ സ്വരം കേട്ടു. കർത്താവിന്റെ സന്നിധി ഏറ്റവും വിലയേറിയ സമ്പത്തായി അവൾ കണ്ടു. അതുകൊണ്ടാണ് യേശു പറഞ്ഞത്: 'മറിയ നല്ല പങ്ക് തിരഞ്ഞെടുത്തിരിക്കുന്നു' എന്ന്. മറിയ വെറും ഒരു ശ്രോതാവല്ലായിരുന്നു. ശരിയായ ആരാധകയായിരുന്നു. യോഹന്നാൻ 12 ൽ അവൾ വിലയേറിയ സുഗന്ധതൈലം യേശുവിന്റെ പാദങ്ങളിൽ ഒഴിച്ചു. അത് ഒരു അനുഷ്ഠനമായിട്ടല്ലായിരുന്നു. സ്നേഹത്തിന്റെ നിദർശനം ആയിരുന്നു.

ഹൃദയം ദൈവത്തിനു പൂർണ്ണമായി വിധേയപ്പെട്ടനുസരിക്കുമ്പോഴാണ് ആരാധന സജീവവും അർത്ഥവത്തും ആകുന്നത്. മറിയയിൽ നിന്നും പഠിക്കേണ്ടുന്ന ഗുണപാഠം, ക്രിസ്തുവിനെ നാം അറിയേണ്ടുംവണ്ണം അറിയുക എന്നതും അങ്ങനെ ക്രിസ്തുവിനെ നേടുക എന്നതുമാണ്. ക്രിസ്തുവിൽ ആഴത്തിൽ വേരൂന്നി അടിസ്ഥാനപ്പെടാതെ പ്രവർത്തിക്കുന്നവർ വേഗത്തിൽ അസംതൃപ്തരാകാം. എന്നാൽ ദൈവസാന്നിധ്യത്തിൽ സമയം ചെലവഴിക്കുന്നവർക്ക് ദൈവകല്പനകൾ ഒന്നുംതന്നെ ഭാരമായി അനുഭവപ്പെടുകയില്ല. 'എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു' എന്ന കർത്തൃവചനം ഏറെ അർത്ഥവത്താകുന്ന അനുഭവം.

ഏഴു ഭൂതങ്ങൾ വിട്ടുപോയ മറിയയും ഹെരോദാവിന്റെ കാര്യസ്ഥനായിരുന്ന കൂസയുടെ ഭാര്യ യോഹന്നയും, സൂസന്നയും മറ്റുപല സ്ത്രീകളും തങ്ങളുടെ സമ്പാദ്യംകൊണ്ട് യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചു പോന്നിരുന്നു. ദൈവം സ്ത്രീകളെ അടുക്കളക്കാര്യങ്ങളിലും മക്കളെ വളർത്തുന്നതിലും മാത്രം ഒതുങ്ങുവാനല്ല ഉദ്ദേശിക്കുന്നത്. അനേകം കുടുംബങ്ങളുടെ ആത്മീയനിലവാരം നിലനിർത്തുന്നത് അമ്മമാരുടെ പ്രാർത്ഥനയാണ്. അനേകം സഭകളുടെ ആത്മീയ നിലവാരം കാത്തുസൂക്ഷിക്കുന്നത് സ്ത്രീകളുടെ കണ്ണുനീരാണ്. ദൈവവേലയിൽ എല്ലാ സഹോദരിമാരും സജീവമായിരിക്കണം. എന്നാൽ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങാതെ കർത്താവിന്റെ സന്നിധിയിൽ വസിച്ച് ക്രിസ്തുവിനെ അറിയുകയും നേടുകയും ചെയ്യുന്നതോടൊപ്പം മറ്റുള്ളവരെ അതിനായി പ്രോത്സാഹിപ്പിക്കുകയും വേണം. ദൈവവചനപ്രഘോഷകർക്കു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. തകർന്നവരെ ആശ്വസിപ്പിക്കാനും, നിരാശരെ പ്രത്യാശയിലേക്കു നയിക്കുവാനും, ഹൃദയം തകർന്നവരെ സ്നേഹത്തോടെ ചേർത്തുപിടിക്കാനും, സഹോദരിമാർക്ക് ദൈവദത്തമായ ഒരു ചാതുര്യമുണ്ട്. അത് പാഴാക്കാതെ പ്രയോജനപ്പെടുത്തുവാൻ എല്ലാ സഹോദരിമാരും ഉത്സാഹത്തോടെ ശ്രദ്ധിക്കണം. •



ബില്ലിഗ്രഹാം

# ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ശക്തി

***മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ വേറൊരു നാമവും നല്കപ്പെട്ടിട്ടില്ല (അപ്പൊസ്തലപ്രവൃത്തികൾ 4:12).***

**ക്രിസ്തുമാർഗ്ഗത്തിന്റെ വ്യത്യസ്തത?**

മതങ്ങളെല്ലാം മനുഷ്യൻ നന്നായി ജീവിക്കണം എന്നതിനെക്കുറിച്ച് പഠിപ്പിക്കുന്നു. ചില മതങ്ങൾ ഉന്നത ധാർമ്മികതയെക്കുറിച്ചും വേറെ ചിലത് ആത്മീയശാന്തിയെക്കുറിച്ചും അതിനുള്ള നിയമങ്ങളെയും ആചാരങ്ങളെയും കുറിച്ചും സംസാരിക്കുന്നു. എന്നാൽ ക്രിസ്തുമാർഗ്ഗം ഇതുപോലുള്ള ഏതെങ്കിലും തത്വങ്ങളോ ആശയങ്ങളോ അല്ല. അത് ഒരു വ്യക്തിയിലാണ് നിലകൊള്ളുന്നത്, യേശുക്രിസ്തു എന്ന അതുല്യവ്യക്തിയിൽ! അവിടുന്ന് കേവലം മഹാനായ ഗുരുവോ പ്രവാചകനോ സാമൂഹ്യപരിഷ്ക്കർത്താവോ മാത്രം അല്ല; ദൈവപുത്രനാകുന്നു. എന്നാൽ ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനെക്കുറിച്ച് പലവിധ ആഭിപ്രായങ്ങൾ ഉയരുന്നു. ചിലർ യേശുവിനെ സൃഷ്ടികളിൽ ആദ്യസൃഷ്ടി മാത്രമാണെന്ന് പഠിപ്പിക്കുന്നു. എന്നാൽ അപ്പൊസ്തലനായ പത്രൊസ് ദൈവാത്മപ്രേരിതനായി പ്രഖ്യാപിച്ച സത്യം ഇന്നും സഭ ആവർത്തിക്കുന്നു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു. (മത്തായി 16:16). ക്രിസ്തു എന്ന പദത്തിന് അഭിഷിക്തൻ എന്ന അർത്ഥമുണ്ട്. എബ്രായഭാഷയിലെ മശിഹാ എന്ന വാക്കിന്റെ ഗ്രീക്ക് രൂപമാണ് ക്രിസ്തു എന്ന പദം. തന്റെ ജനത്തെ രക്ഷിക്കുവാൻ ദൈവം അയയ്ക്കുന്ന വാഗ്ദത്ത രക്ഷകനെയാണ് ഈ നാമം സൂചിപ്പിക്കുന്നത്.

**2 ഇരുളിൽ ഉദിച്ച വെളിച്ചം:**

ആദ്യകാല വിശ്വാസികൾ ജീവിച്ചിരുന്ന കാലം പീഡനങ്ങളുടെയും അടിച്ചമർത്തലിന്റെയും കാലഘട്ടമായിരുന്നു. എന്നാൽ അവരുടെ പ്രത്യാശ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ മാത്രമായിരുന്നു. ആ പ്രത്യാശ ഇരുളിൽ തെളിഞ്ഞ ഒരു ദീപസ്തംഭംപോലെ ലോകത്തെ പ്രകാശിപ്പിച്ചു. അവനിൽ ജീവൻ ഉണ്ടായിരുന്നു; ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹന്നാൻ 1:4). ലോകം ഇന്നും അനിശ്ചിതത്വത്തിലും ഭയത്തിലും വിറങ്ങലിക്കുമ്പോൾ യേശുവിന്റെ ഈ വാക്കുകൾ കൂടുതൽ മഹത്വത്തോടെ മുഴങ്ങുന്നു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കുകയില്ല.(യോഹന്നാൻ 8:12).

**3. സുവിശേഷസത്യം മാറാത്തത്:**

ആകാശവും ഭൂമിയും മാറിയാലും ദൈവവചനം മാറില്ല; അത് ശാശ്വതവും വിശ്വാസയോഗ്യവും ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ശക്തിയുമാണ്. അതിനാൽ, ജീവിതത്തിൽ അർത്ഥവും ലക്ഷ്യവും തേടുന്നവർ ദൈവവചനത്തിൽ ഉറച്ചു നിൽക്കണം. വിവിധ രാജ്യങ്ങളിലെ ജനങ്ങളോട് സുവിശേഷം പ്രസംഗിക്കുമ്പോൾ സന്ദേശം മനസ്സിലാക്കുവാൻവേണ്ടി പറയുന്ന ഉദാഹരണങ്ങൾ മാറാം, ഭാഷ മാറാം, അവതരണരീതികൾ മാറാം. എന്നാൽ സുവിശേഷത്തിന്റെ അടിസ്ഥാനസത്യങ്ങൾ ഒരിക്കലും മാറുന്നില്ല. അതായതു യേശുക്രിസ്തുവിന്റെ കന്യകാജനനം, പാപരഹിതജീവിതം, പാപിക്ക് പകരക്കാരനായുള്ള മരണം, മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, വീണ്ടും വരുമെന്ന മഹത്തായ വാഗ്ദത്തം, ഇവയെല്ലാം ക്രിസ്തീയവിശ്വാസത്തിന്റെ അചഞ്ചല സത്യങ്ങളാണ്. അവയെ മാറ്റുവാനോ വളച്ചൊടിക്കുവാനോ ആർക്കും അധികാരമോ അനുവാദമോ ഇല്ല.

**4. ദൈവം ജഡത്തിൽ വെളിപ്പെട്ടു:**

ഇതാണ് ക്രിസ്തീയവിശ്വാസത്തിന്റെ മഹാസത്യം. ദൈവം മുനുഷ്യവേഷത്തിൽ യേശു എന്ന നാമം ധരിച്ചു കൊണ്ട് ലോകത്തിൽവന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു, വചനം ജഡമായി തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹന്നാൻ 1:1,14). ക്രിസ്തു നിത്യനാകുന്നു, അവിടുന്ന് സമ്പൂർണ്ണ ദൈവമാണ്. അവൻ അദൃശ്യദൈവത്തിന്റെ പ്രതിമയും സകലസൃഷ്ടികളിലും ആദ്യജാതനും ആകുന്നു; അവനാൽ സകലവും സൃഷ്ടിക്കപ്പെട്ടു (കൊലൊസ്സ്യർ 1:15,16). യേശുവിന്റെ ദൈവികതയുടെ തെളിവ് അവിടുത്തെ പാപരഹിതജീവിതം ആയിരുന്നു. യേശു ചോദിച്ചു: നിങ്ങളിൽ ആർ എന്നെ പാപത്തിൽ കുറ്റക്കാരനാക്കും? (യോഹന്നാൻ 8:4). തന്റെ ജീവിതത്തിൽ ആരും കുറ്റം കണ്ടെത്തിയില്ല. സാത്താനാലും മനുഷ്യരാലും പരീക്ഷിക്കപ്പെട്ടെങ്കിലും അവൻ പാപം ചെയ്തില്ല. അവിടുന്ന് കടലിനെ ശാന്തമാക്കി. കുരുടന്മാർക്ക് കാഴ്ച നൽകി. മുടന്തന്മാരെ നടത്തിച്ചു. മരിച്ചവരെ ഉയിർപ്പിച്ചു. ഇവ വെറും അത്ഭുതങ്ങൾ മാത്രമായിരുന്നില്ല, സകല സൃഷ്ടികളുടെയും കർത്താവാണ് എന്നതിന്റെ അടയാളമായിരുന്നു.

**5. പ്രവചനങ്ങളുടെ നിറവേറലുകൾ:**

യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, അടക്കം, എല്ലാം നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകർ പറഞ്ഞിരുന്നു. അവയിലെ ഓരോ വചനവും യേശുവിൽ കൃത്യമായി നിറവേറ്റപ്പെട്ടു. പഴയനിയമത്തിൽ നാം കാണുന്ന ഓരോ പ്രവചനവും മനുഷ്യരാശിയുടെ വീണ്ടെടുപ്പിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഹൃദയമിടിപ്പാണ്. മനുഷ്യൻ പാപത്തിലേക്ക് വീണ നിമിഷം മുതൽ തന്നെ ദൈവം മോചനത്തിന്റെ വഴി ഒരുക്കിയിരുന്നു. ആ വാഗ്ദാനങ്ങൾ പ്രവാചകന്മാരുടെ വചനങ്ങളായി തലമുറകളിലൂടെ പകരപ്പെട്ടു. കന്യക ഗർഭം ധരിച്ചു പുത്രനെ പ്രസവിക്കും എന്ന പ്രവചനം, ദാവീദിന്റെ വംശത്തിൽ നിന്നൊരു രാജാവ് ഉയരും എന്ന വാഗ്ദാനം, അവൻ നമ്മുടെ അതിക്രമങ്ങൾക്കായി മുറിവേറ്റു എന്ന പ്രവചനം, ഇവയെല്ലാം ക്രിസ്തുവിൽ നിവൃത്തിയായി. ക്രിസ്തുവിന്റെ ജീവിതം തിരുവെഴുത്തിലെ പ്രവചനത്തിന്റെ പൂർണ്ണരൂപമാണ്. ജനനം ബെത്ലെഹേമിൽ സംഭവിച്ചതും, ദരിദ്രരോടും പാപികളോടും കൂടിയുള്ള അവന്റെ സഹവാസവും, അത്ഭുതങ്ങളും ഉപദേശങ്ങളും, ഒടുവിൽ ക്രൂശിലെ ബലിയുമെല്ലാം പ്രവാചകന്മാർ മുമ്പേ പ്രവചിച്ച സത്യങ്ങളായിരുന്നു. ഈ സത്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്, ദൈവത്തിന്റെ വാക്ക് ഒരിക്കലും വ്യർത്ഥമാകുന്നില്ല എന്നതാണ്.

**6. ഉയിർത്തെഴുന്നേൽപ്പ്:**

എല്ലാ മതങ്ങളുടെയും സ്ഥാപകർ മരിക്കുകയും കല്ലറകളിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ യേശുവിന്റെ കല്ലറ ശൂന്യമാണ്. അവിടുന്ന് ഇന്നും ജീവിക്കുന്നു. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരു കെട്ടുകഥയല്ല; ചരിത്രത്തിൽ പതിഞ്ഞ ദൈവികസത്യമാണ്. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രസത്യമാണ്. അതില്ലായിരുന്നുവെങ്കിൽ സഭ ഉണ്ടാകുമായിരുന്നില്ല. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരു വിശ്വാസവിഷയം മാത്രമല്ല, ക്രിസ്തീയതയുടെ അടിത്തറ തന്നെയാണ്. ക്രൂശിൽ അവസാനിച്ച കഥയല്ല ക്രിസ്തുവിന്റെ ജീവിതം; ഉയിർത്തെഴുന്നേൽപ്പിലൂടെ നിത്യവിജയത്തിന്റെ മുദ്ര പതിഞ്ഞതും ഇന്നുമെന്നും തുടരുന്നതുമായ പരമസത്യമാണ് ക്രിസ്തു.

**7. രൂപാന്തരപ്പെട്ട ജീവിതങ്ങൾ**

മനുഷ്യഹൃദയത്തെ മാറ്റിമറിക്കാനുള്ള ശക്തി യേശുക്രിസ്തുവിന്റെ സുവിശേഷത്തിനുണ്ട്. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു (2 കൊരിന്ത്യർ 5:17). തകർന്ന ജീവിതങ്ങളെ പുതുക്കുകയും ഇരുണ്ട ഹൃദയങ്ങളിൽ പ്രത്യാശയുടെ വെളിച്ചം നിറയ്ക്കുകയും ചെയ്യുന്നത് ക്രിസ്തുവാണ്. The Gospel is not just good news, it is the power of God to change lives. സുവിശേഷം ഒരു നല്ല വാർത്ത മാത്രമല്ല; അത് മനുഷ്യജീവിതത്തെ മാറ്റുന്ന ദൈവത്തിന്റെ ശക്തിയാണ്. സുവിശേഷം കേൾക്കുന്നതിൽ മാത്രം കാര്യമില്ല, അത് ഹൃദയത്തിൽ സ്വീകരിക്കുമ്പോഴാണ് യഥാർത്ഥ രൂപാന്തരം സംഭവിക്കുന്നത്. പാപത്തിൽ നിന്ന് മോചനം, പുതിയ ജീവിതം, ദൈവത്തോടുള്ള ബന്ധത്തിന്റെ പുതുക്കൽ ഇവയെല്ലാം സുവിശേഷത്തിന്റെ ശക്തിയിലൂടെ സംഭവിക്കുന്നു. ഈ അനുഭവങ്ങളൊന്നും യാതൊരു മാനുഷിക പരിശ്രമങ്ങളാലും സാധ്യമല്ല. പ്രത്യുത ക്രിസ്തുവിന്റെ സുവിശേഷത്തിലുള്ള വിശ്വാസത്താൽ മാത്രം. യേശു രക്ഷകനാകയാൽ അവൻ നമ്മെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കുന്നു. കർത്താവാകയാൽ നമ്മെ പാപത്തിന്മേൽ ജയം നേടുവാൻ ശക്തരാക്കുന്നു. അതെ, ക്രിസ്തുവിനെയാണ് നാം വിശ്വസിക്കേണ്ടത്, ക്രിസ്തുവിനെയാണ് രക്ഷകനും കർത്താവുമായി ഏറ്റു പറയേണ്ടത്. ഇതുതന്നെയാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ഇതുതന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അങ്ങനെമാത്രമേ നമ്മുടെ ഹൃദയം ദൈവിക സമാധാനത്താലും ആനന്ദത്താലും നിറയപ്പെടുകയുള്ളൂ. ●

# പിരിയാ ബന്ധം ആണിത്...

ജനനനിമിഷം മുതൽ മരണം വരെ മനുഷ്യന് പല ബന്ധങ്ങളും ലഭ്യമാകുന്നു. മാതാപിതാക്കൾ സഹോദരങ്ങൾ, സുഹൃത്തുക്കൾ, ജീവിതപങ്കാളി, മക്കൾ, ആരോഗ്യപ്രവർത്തകർ ഇങ്ങനെയുള്ള ഓരോബന്ധവും ജീവിതത്തിന് സന്തോഷവും സഹായവും ആശ്വാസവും നൽകാറുണ്ട്. എങ്കിലും ഇവയൊക്കെ വിട്ടുപിരിയേണ്ടുന്ന ബന്ധങ്ങളാണ്. ഭൂമിയിലെ എല്ലാ ബന്ധങ്ങൾക്കും പരിധിയും പരിമിതിയുമുണ്ട്. മരണം ഒരുനാൾ എല്ലാ ബന്ധങ്ങൾക്കും വിരാമമിടും. അതിനാൽ മരണത്തിലും പിരിയാത്ത ഒരു ബന്ധത്തെക്കുറിച്ച് നാം അറിവുള്ളവരായിരിക്കണം. ഒരിക്കലും പിരിയാത്ത, മരണത്താലും അവസാനിക്കാത്ത, കാലത്തിനും സാഹചര്യങ്ങൾക്കും തകർക്കാനാവാത്ത ഒരു ദൈവികബന്ധം! അത് യേശുക്രിസ്തുവുമായുള്ള ബന്ധമാണ്. വീണ്ടുംജനനത്തിലൂടെ ആരംഭിക്കുന്ന കൂട്ടായ്മായിലൂടെയാണ് പിരിയാബന്ധത്തിന്റെ തുടക്കം. എല്ലാവരും കൈവിടുന്ന നിമിഷങ്ങളിലും ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ എന്നുറപ്പുനൽകുന്ന ദിവ്യസാന്നിധ്യമാണ് യേശു. മനുഷ്യബന്ധങ്ങൾ ഓരോരോ സാഹചര്യങ്ങൾ അനുസരിച്ച് മാറാം. സമ്പത്തും പ്രശസ്തിയും ഉണ്ടെങ്കിൽ ചുറ്റിലും ആൾക്കൂട്ടം ഉണ്ടാകും എങ്കിലും ദുരിതങ്ങൾ വരുമ്പോൾ പല മുഖങ്ങളും അകന്നുപോകും. എന്നാൽ നാം ശക്തരായിരിക്കുമ്പോഴും ദുർബലരായിരിക്കുമ്പോഴും, വിശ്വാസത്തിൽ ഉറച്ചുനിൽക്കുമ്പോഴും വീഴ്ചകളിൽ തളരുമ്പോഴും, യേശു നമ്മെ ഉപേക്ഷിക്കുന്നില്ല.

ഈ പിരിയാബന്ധത്തിന്റെ ഏറ്റവും വലിയ തെളിവ് യേശു തന്റെ ജീവൻ നമുക്കായി ശാപമരക്കുരിശിൽ അർപ്പിച്ചു എന്നതാണ്. സ്വന്തജീവൻ പാപികൾക്ക് വേണ്ടി അർപ്പിച്ച സ്നേഹം പോലെ മറ്റൊരു സ്നേഹം ലോകം ഇതുവരെ കണ്ടിട്ടില്ല. മനുഷ്യൻ പാപം നിമിത്തം ദൈവത്തിൽ നിന്നും അകന്നുപോയിട്ടും അവനെ ദൈവത്തിങ്കലേക്കു തിരിക്കുവാൻ തന്റെ ജീവനെ നൽകിയ സ്നേഹമാണ് യേശുവിന്റെ സ്നേഹം. യേശുവുമായുള്ള ആത്മബന്ധം മരണത്താൽ അവസാനിക്കുന്നില്ല പ്രത്യുത മരണത്തിനപ്പുറത്തേക്കും നീളുന്ന നിത്യബന്ധമാണ് ഈ പിരിയാബന്ധം. യേശുവിന്റെ സ്നേഹത്തിൽ നിന്നു യഥാർത്ഥ വിശ്വാസിയെ വേർതിരിക്കുവാൻ മരണത്തിനും കഴിയില്ല. അതുകൊണ്ടാണ് ക്രിസ്തുവിൽ വസിക്കുന്നവർക്ക് മരണം പ്രത്യാശയുടെ കവാടമാകുന്നത്. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# നിനയ്ക്കാത്ത നാഴിക

*'അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ. എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്കു തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെമേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവയ്ക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ അവൻ ദുഷ്ടദാസനായി: യജമാനൻ വരുവാൻ താമസിക്കുന്നു എന്നു ഹൃദയംകൊണ്ടു പറഞ്ഞു, കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടി തിന്നുകുടിപ്പാനും തുടങ്ങിയാൽ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും, യജമാനൻ വന്ന് അവനെ ദണ്ഡിപ്പിച്ച് അവനു കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്തായി 24: 44- 51).*

നമ്മുടെ കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്തെ രേഖപ്പെടുത്തിയിരിക്കുന്നത് 'നിനയ്ക്കാത്ത നാഴിക' എന്നാണ്. എത്ര ചിന്തിച്ചാലും കണക്കു കൂട്ടിയാലും ആ നാഴിക അഥവാ സമയം മുൻകൂട്ടി അറിയുവാൻ ആർക്കും കഴിയുകയില്ല എന്നതാണ് യാഥാർഥ്യം. അതുകൊണ്ട് നാം ചെയ്യേണ്ടത് 'ഒരുങ്ങിയിരിക്കുക' എന്നതാണ്. എങ്ങനെയാണ് ഒരുങ്ങി ഇരിക്കേണ്ടത് എന്ന് കർത്താവ് പറഞ്ഞ ഉപമയിൽ നിന്നും നമുക്ക് വ്യക്തമായി ഗ്രഹിക്കുവാൻ കഴിയും.

ഒരു യജമാനൻ തന്റെ ദാസന്മാരിൽ വിശ്വസ്തനും ബുദ്ധിമാനുമായ ദാസനെ കണ്ടെത്തുവാൻ നടത്തുന്ന പരീക്ഷണമാണ് അത്. തന്റെ വീട്ടിലുള്ള ദാസീദാസന്മാർക്ക് തക്കസമയത്ത് ഭക്ഷണം കൊടുക്കുവാൻ ദാസന്മാരിൽ ഒരാളെ ചുമതലപ്പെടുത്തിയിട്ട് യജമാനൻ ഒരു ദീർഘയാത്രയ്ക്ക് പോകുന്നു. യജമാനൻ തന്റെ ദാസനെ ഏൽപ്പിച്ചിരിക്കുന്നത് വളരെ ഉത്തരവാദിത്തമുള്ള ചുമതല ആണല്ലോ. നാം ഓരോരുത്തരും നമ്മുടെ ക്രിസ്തീയജീവിതത്തെ 'വളരെ ഉത്തരവാദിത്തപ്പെട്ടതായി' കാണണം. നമ്മിൽ നിക്ഷിപ്തമായ എല്ലാ ചുമതലകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും നാം ബോധവാന്മാരായിരിക്കണം.

'നിനയാത്ത നേരത്ത്' യജമാനൻ വരുന്നു. നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ ചെയ്തുകൊണ്ടിരിക്കുന്നു എങ്കിൽ ആ ദാസനെ 'വിശ്വസ്തനും ബുദ്ധിമാനും' എന്ന് യജമാനൻ അംഗീകരിക്കുകയും, തനിക്കുള്ള സകല

ത്തിനും അവനെ വിചാരകനാക്കി വയ്ക്കുകയും ചെയ്യുന്നു. യജമാനൻ മടങ്ങി വരുമ്പോൾ ഉത്തരവാദിത്തങ്ങൾ നിറവേറ്റാതെ അലക്ഷ്യമായും അവിശ്വസ്തരായും ജീവിക്കുന്ന ദാസന്മാരെ ദണ്ഡിപ്പിച്ച് കപടഭക്തിക്കാരോടുകൂടെ പങ്കുകൽപ്പിക്കും.

‘നിനയ്ക്കാത്ത നാഴിക’ എന്നത് ഒരു പരീക്ഷയാണ് എന്ന് നാം അറിയണം. കർത്താവിനോടുള്ള നമ്മുടെ വിശ്വസ്തതയുടെ മാറ്റുരച്ചു നോക്കുന്ന പരീക്ഷ! വിശ്വസ്തൻ ബുദ്ധിമാനാണ്, യജമാനന്റെ ഇഷ്ടം അറിഞ്ഞു പ്രവർത്തിക്കുന്ന ബുദ്ധിമാൻ! യജമാനൻ വരുന്ന സമയം കണക്കുകൂട്ടാൻ ശ്രമിച്ച്, യജമാനൻ വരുവാൻ താമസിക്കും എന്ന് നിരൂപിച്ച് അവിശ്വസ്തനായിത്തീർന്ന ദാസൻ ഭോഷനാണ്. കാരണം അവൻ നിനയ്ക്കാത്ത നാഴികയിൽ യജമാനൻ വരികയും അവനെ അവിശ്വസ്തനും കപടഭക്തനും ആയി തിരിച്ചറിയുകയും ചെയ്യും. വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ യജമാനൻ ഏതുനേരത്തും വരാം എന്നറിഞ്ഞ് പ്രതീക്ഷയോടെ യജമാനന്റെ ഇഷ്ടം നിവർത്തിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കുകയും ചെയ്യുന്നു. കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങിയിരിക്കുന്നവർ ഇപ്രകാരം വിശ്വസ്തരും ബുദ്ധിമാന്മാരുമായി ജീവിക്കുന്നവരാണ്.

കർത്താവിന്റെ വരവിനായിട്ടുള്ള ഒരുക്കം എന്നത് കർത്താവിനോടുള്ള പൂർണ്ണ വിശ്വസ്തതയാണ് എന്ന് നാം ഗ്രഹിക്കണം. മറ്റൊരു പരിഭാഷയിൽ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും ഉള്ള മനസ്സ് എന്നാണ് കാണുന്നത്. അത് നഷ്ടപ്പെട്ട, വിശ്വാസിയുടെ ജീവിതം അപകടത്തിലാണ്. കർത്താവ് മടങ്ങിവരും എന്ന് വിശ്വസിക്കുന്നതിൽ അവർ ആത്മാർത്ഥതയുള്ളവരല്ല. അതുകൊണ്ടാണ് കൊരിന്തിലെ വിശ്വാസികളെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് ഭയപ്പെട്ടത്. അദ്ദേഹം അവർക്ക് ഇപ്രകാരം എഴുതി: ‘എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു (2 കൊരിന്ത്യർ 11: 3). ക്രിസ്തുവിനോട് ഏകാഗ്രതയും നിർമ്മലതയും ഉള്ള മനസ്സാണ് നാം ഒരുങ്ങിയിരിക്കുന്നു എന്നതിന്റെ തെളിവ്. നമ്മെ അയോഗ്യരാക്കുവാൻ കർത്താവിന്റെ മടങ്ങിവരവിനായുള്ള നമ്മുടെ ഒരുക്കത്തെ

**വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ യജമാനൻ ഏതുനേരത്തും വരാം എന്നറിഞ്ഞ് പ്രതീക്ഷയോടെ യജമാനന്റെ ഇഷ്ടം നിവർത്തിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കുകയും ചെയ്യുന്നു. കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങിയിരിക്കുന്നവർ ഇപ്രകാരം വിശ്വസ്തരും ബുദ്ധിമാന്മാരുമായി ജീവിക്കുന്നവരാണ്.**

ഇല്ലായ്മ ചെയ്യുവാനാണ് പിശാച് പോരാടിക്കൊണ്ടിരിക്കുന്നത്. പിശാചിന്റെ ഈ തന്ത്രത്തെ നാം തിരിച്ചറിയണം.

നമ്മുടെ ദൈനംദിന ജീവിതം ആഹാരം കഴിച്ചും ജോലികൾ ചെയ്തും ഉറങ്ങിയും ഇങ്ങനെ സാധാരണഗതിയിൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. ‘ക്രിസ്തുവിനോട് ഏകാഗ്രതയും നിർമ്മലതയും ഉള്ള മനസ്സ്’ നമ്മെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കും. കാരണം മനസ്സുനിറയെ ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ ചിന്തകളും ഓർമ്മകളും ആണ്, അതിനായി ഒരുങ്ങിയിരിക്കണം എന്ന ചിന്തയാണ് നമ്മെ ഭരിക്കുന്നത്. കർത്താവിനോടുള്ള സ്നേഹം ഹൃദയത്തിൽ നിറയുകയും ആ സ്നേഹം എപ്പോഴും അനുഭവിച്ച് സന്തോഷത്തോടും ഹൃദയപരമാർത്ഥതയോടും കൂടെ പ്രാർത്ഥനയിൽ ഉറ്റിരിക്കണം. അങ്ങനെ കർത്താവുമായി നിരന്തരബന്ധവും, തിരുവചനങ്ങളിലൂടെ അവിടുത്തെ ശബ്ദം ശ്രവിക്കുന്നതും, ജീവിതത്തെ സജീവവും ദിശാബോധവും ഉള്ളതാക്കിത്തീർക്കുന്നു. കർത്താവിന്റെ വരവിനായുള്ള തിടുക്കവും കാത്തിരിപ്പും ജീവിതത്തെ പ്രത്യാശാപൂർണ്ണമാക്കിയിരിക്കുന്നു. കർത്താവിന്റെ വരവിനായി ഒരുങ്ങി ഇരിക്കുന്നവരുടെ ജീവിതാനുഭവങ്ങൾ ഇങ്ങനെയായിരിക്കും.

കർത്താവിന്റെ വരവിന്റെ പ്രത്യാശയോടെ ജീവിക്കുന്ന ഒരു ദൈവപൈതലിന്റെ വാക്കുകളിലും പ്രവൃത്തികളിലും വിശ്വസ്തത ദൃശ്യമാണ്. വിശ്വ

സ്തത എന്നത് ക്രിസ്തുവിലുള്ള നമ്മുടെ പുതിയജീവിതത്തിന്റെ അലങ്കാരമാണ്. സത്യസന്ധതയും വിശ്വസ്തതയും ഒരുമിച്ചു പോകുന്ന സ്വഭാവശ്രേഷ്ഠത ആണല്ലോ. വിശ്വസ്തത നമ്മെ കർമ്മനിരതരും ഉത്സാഹഭരിതരും ആക്കും. എന്നുമാത്രമല്ല നാം ചെയ്യുന്നതെല്ലാം നന്നായി ചെയ്യുവാനുള്ള സമർപ്പണവും ഉളവാക്കും.

കർത്താവ് പറഞ്ഞ ഉപമയിൽ വീട്ടുകാർക്ക് ഭക്ഷണം തക്കസമയത്ത് കൊടുക്കുവാൻ ആണ് ദാസനെ ചുമതലപ്പെടുത്തിയത്. തക്കസമയം (proper time) എന്നത് കൃത്യനിഷ്ഠയെ വെളിവാക്കുന്നതാണല്ലോ. അച്ചടക്കമുള്ള ജീവിതവും പ്രവർത്തനവും ആണ് യജമാനന്റെ ദാസന്മാർക്ക് ഉള്ളത്. ഭക്ഷണത്തിനും കൃത്യമായ സമയമുണ്ട്. കൃത്യനിഷ്ഠ എന്നത് വിശ്വസ്തതയുടെ മുഖമാണ്. അലസന്മാർ അവിശ്വസ്തരും അച്ചടക്കം ഇല്ലാത്തവരും ആണ്. അവരുടെ ജീവിതത്തിൽ എല്ലാം കുഴഞ്ഞു മറിഞ്ഞ അവസ്ഥയാണ്. ആത്മീയതയിലും അങ്ങനെ തന്നെ.

യജമാനൻ മടങ്ങിവരും എന്ന് എല്ലാവർക്കും അറിയാം. വിശ്വസ്തരും ബുദ്ധിമാന്മാരും ആയവർ യജമാനന്റെ വരവിനെ എപ്പോഴും പ്രതീക്ഷിച്ചുകൊണ്ട് കൃത്യനിഷ്ഠയോടും വിശ്വസ്തതയോടും അവരുടെ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്നു. എന്നാൽ യജമാനൻ താമസിക്കും എന്ന് ഹൃദയത്തിൽ ചിന്തിച്ച മനുഷ്യനാണ് അവിശ്വസ്തനും ഭോഷനും ആയത്. യജമാനന്റെ വരവിനെക്കുറിച്ചുള്ള ജാഗ്രത കുറഞ്ഞപ്പോൾ അവൻ തന്റെ ഉത്തരവാദിത്തങ്ങൾ മറന്ന് സ്വാർത്ഥനും തന്നിഷ്ടക്കാരനും ആയിത്തീർന്നു. അവന്റെ വഴിവിട്ട ജീവിതരീതിയിൽ ഒരുപക്ഷേ ഉപദേശിച്ച കൂട്ടുദാസന്മാരെ അടിക്കുവാനും കൂട്ടുകൂടി കുടിയന്മാരോടുകൂടെ തിന്നു കുടിക്കുവാനും തുടങ്ങി. എത്ര നന്ദികെട്ടവനും നികൃഷ്ടനും ആയി ഈ ദാസൻ അധഃപ്പതിച്ചു? ഇന്ന് ക്രിസ്തീയസഭകളിൽ അരങ്ങേറുന്ന വഴക്കും കേസും വ്യവഹാരങ്ങളും എന്താണ് കാണിക്കുന്നത്? അവിശ്വസ്തയുടെയും അച്ചടക്കമില്ലായ്മയുടെയും ഉദാഹരണങ്ങൾ അല്ലേ? കർത്താവിന്റെ മടങ്ങിവരവിൽ വിശ്വസിക്കുന്നവർ ഇങ്ങനെ അധഃപ്പതിക്കുന്നത് എന്തുകൊണ്ട്? കർത്താവ് വേഗം വരും എന്ന ജാഗ്രത പലർക്കും നഷ്ടപ്പെട്ടുപോയി. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന കപടഭക്തരായി വി

**ഒരുങ്ങാത്തവരെ കാത്തിരിക്കുന്നത് ശിക്ഷാവിധിയാണ്. വിശ്വസ്തരും ബുദ്ധിമാന്മാരുമായി, നിനയ്ക്കാത്ത നാഴികയിൽ വരുന്ന കർത്താവിനായി വിശ്വസ്തതയോടെ സേവനം ചെയ്യുന്ന ഭക്തന്മാരെ പ്രതിഫലവും അംഗീകാരവും കാത്തിരിക്കുന്നു.**

ശ്വാസസമൂഹം അധഃപ്പതിച്ചു കൊണ്ടിരിക്കുന്നു. ദ്രവ്യാഗ്രഹികളും സ്ഥാനമോഹികളും ലോകസ്നേഹികളും ആയിത്തീർന്ന ഒരു സമൂഹമായി ഇന്ന് ക്രിസ്തീയസമൂഹങ്ങൾ അധഃപ്പതിക്കുകയാണോ? ഇവിടത്തെ പേരിനും പ്രസിദ്ധിക്കും വേണ്ടി മത്സരിച്ചോടുമ്പോൾ നഷ്ടപ്പെടുന്നത് ജീവപുസ്തകത്തിലെ പേരാണ് എന്നത് പലരും മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ള ഒരുങ്ങാത്തവരെ കാത്തിരിക്കുന്നത് ശിക്ഷാവിധിയാണ്. വിശ്വസ്തരും ബുദ്ധിമാന്മാരുമായി, നിനയ്ക്കാത്ത നാഴികയിൽ വരുന്ന കർത്താവിനായി വിശ്വസ്തതയോടെ സേവനം ചെയ്യുന്ന ഭക്തന്മാരെ പ്രതിഫലവും അംഗീകാരവും കാത്തിരിക്കുന്നു. ഈ ഉപമ നമ്മോടുള്ള ബുദ്ധിയുപദേശമാണ്. കർത്താവിന്റെ വരവിൽ കൈവിടപ്പെട്ടു പോയാൽ പിന്നെ അവസരമില്ല എന്നത് നാം ബോധപൂർവ്വം ഓർക്കണം. അതിനാൽ ഒരുങ്ങി ഇരിക്കുന്നതിന് നാം മുഴുവൻ ശ്രദ്ധയും നൽകണം.

ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെടുത്തുവാൻ പിശാച് എല്ലാ തന്ത്രങ്ങളും നമുക്കെതിരെ പ്രയോഗിച്ചു പോരാടും എന്നതിനാൽ നാം ഗൗരവബോധത്തോടെ ഉണർന്നിരിക്കണം. പിശാചിന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തണം. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ യാതൊന്നിനും കഴിയുകയില്ല എന്ന് ഉറപ്പാക്കി സ്ഥിരമാനസരായി നിൽക്കണം. അതേ, നിനയ്ക്കാത്ത നാഴികയിൽ നമ്മുടെ കർത്താവ് വരുന്നു...! •

സൃഷ്ടിയിൽ ദൈവത്തോടു പറ്റുമാനമുള്ളവനായി, അനുസരണമുള്ളവനായി മനുഷ്യൻ വളർന്നു. അവന്റെ മൂക്കിൽ 'ജീവശ്വാസം' (breath of life) ഊതിയ ആത്മാവായ ദൈവത്തിൽനിന്നു അവൻ നിരന്തരം ജീവൻ സ്വീകരിച്ചുകൊണ്ടിരുന്നു. എന്നാൽ, ആദ്യപാപം അവനിലേക്കു രാഗമോഹങ്ങൾ കുത്തിവച്ചപ്പോൾ മുതൽ അവനു അവന്റെ രാഗങ്ങളെയും മോഹങ്ങളെയും സംതൃപ്തിപ്പെടുത്തുവാനുള്ള ആഗ്രഹമേയുള്ളൂ. രാഗമോഹങ്ങളുടെ പൂർത്തീകരണത്തിനായി വിരഞ്ഞു നടക്കുന്ന മനുഷ്യപ്രകൃതമാണു 'ജഡം'. അപ്പോൾ, രാഗവും മോഹവുമാണു മാനുഷികതയെ ജഡമാക്കിയത്. അഥവാ, രാഗവും മോഹവുമാണു ജഡത്തെ ഇത്ര നികൃഷ്ടമാക്കിയത്. രാഗവും മോഹവും ഇല്ലായിരുന്നെങ്കിൽ ജഡം ഇത്ര നികൃഷ്ടമാകുകയില്ലായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ...

ന്യായപ്രമാണം നല്ലതുതന്നെ. എന്നാൽ, രാഗവും മോഹവും നിറഞ്ഞ ജഡത്തിനു ന്യായപ്രമാണത്തെ അനുസരിക്കാൻ കഴിയില്ല. ആദം മുതൽ ഇങ്ങോട്ടു ആരും അതു അനുസരിച്ചിട്ടില്ല. രാഗമോഹങ്ങളാൽ വിഷലിപ്തമായ ജഡംകൊണ്ടു ആർക്കും അതു നിർവ്വഹിക്കാൻ കഴികയില്ല; എനിക്കും കഴികയില്ല. ഇവിടെയാണു (എന്നിൽ) ന്യായപ്രമാണം നിവർത്തിക്കാൻ ദൈവം തന്റെ പുത്രനെ അയയ്ക്കുന്നത്. 'ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു' (റോമർ 8:3).

യേശു വന്ന് എന്തു ചെയ്തു? വാസ്തവത്തിൽ യേശു വന്നത് 'കേടുപറ്റിയ' ജഡത്തെ നന്നാക്കുവാനല്ല; ജഡത്തെ മാറ്റി പകരം ആത്മാവിനെ ദൗത്യം (mission) ഭരമേൽപ്പിക്കാനാണ്. ഒരു കമ്പനി ഉടമസ്ഥൻ വിജയകരമായി കമ്പനി നടത്താൻ ഒരു സി. ഇ. ഒ യെ നിയമിച്ചിട്ട്, അയാൾ അവിശ്വസ്തനായി കമ്പനി നശിപ്പിക്കുകയും ശത്രുവിനു കമ്പനിയിൽ കസേരയിട്ടു കൊടുക്കുകയും ചെയ്താൽ കമ്പനിയുടെ ഉടമസ്ഥൻ വന്ന് എന്താവും ചെയ്യുക? അയാളെ നന്നാക്കാൻ പരിശ്രമിക്കുന്നതിനു പകരം കമ്പനി മറ്റൊരാളെ ഭരമേൽപ്പിക്കുകയാകും ചെയ്യുക.! ദൈവപുത്രനും അതുതന്നെ ചെയ്തു. ദൈവയിഷ്ടത്തിന്റെ നിർവ്വഹണം എന്ന മഹാദൗത്യം ദൈവപുത്രൻ ജഡത്തിൽനിന്നു എടുത്തുമാറ്റി ആത്മാവിനെ ഭരമേൽപ്പിച്ചു. ആത്മാവായ ദൈവത്തിൽനിന്നുള്ള ജീവശ്വാസമാണ് ദൈവത്തെ അനുസരിക്കാൻ ആദമിനെ പ്രാപ്തനാക്കിയതെന്നോർക്കുക. യേശു വന്നു ജഡത്തെ നിഷ്കാസനം (dethroned) ചെയ്തു ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നിൽ പ്രതിഷ്ഠിച്ചപ്പോൾ, അതു എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യം വരുത്തി (റോമർ 8:2). "ഒന്നാം മനുഷ്യനായ ആദം ജീവനുള്ള ദേഹിയായിത്തീർന്നു (living being) ഒടുക്കത്തെ ആദം ജീവിപ്പിക്കുന്ന ആത്മാവായി (life giving spirit) (1 കൊരിന്ത്യർ 15: 45).

എന്നാൽ, ദൈവത്തിനു മനുഷ്യനിലെ മാനുഷികതയെ എടുത്തുകളയുന്നില്ല എന്നും ഓർക്കണം. കാരണം, മാനുഷികതയിൽ ഇച്ഛാശക്തിയുണ്ട് തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്, വികാരങ്ങളുണ്ട്, വിവേചനമുണ്ട്...ഇതൊക്കെ എടുത്തുകളഞ്ഞാൻ പിന്നീടു മനുഷ്യൻ മനുഷ്യനല്ല, ഒരു റോബോട്ട് മാത്രമാകും. അതിനാൽ മനുഷ്യൻ തന്റെ ജീവിതത്തിലും ശരീരത്തിലും ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കാനുള്ള ജോലി ദൈവം ആത്മാവിനെ ഭരമേൽപ്പിച്ചുവെങ്കിലും മാനുഷികതയെ എടുത്തുകളഞ്ഞില്ല. അതായത്, ആത്മാവും മാനുഷികതയും എന്റെ ശരീരത്തിൽ സജീവമാണ്... രാഗംകൊണ്ടും മോഹംകൊണ്ടും വിഷലിപ്തമാണ് ആ മാനുഷികത. അതു ജഡമാണ്! അതായതു ഇപ്പോൾ എന്നിൽ രണ്ടു ശക്തികളുടെ സാന്നിധ്യമുണ്ട്. ആദമിലൂടെ എനിക്കു ലഭിച്ച വിഷലിപ്തമായ മാനുഷികത എന്ന ജഡം; യേശുക്രിസ്തുവിലൂടെ എനിക്കു ലഭിച്ച ജീവന്റെ ശക്തി തുടിക്കുന്ന ആത്മാവ്!

ദൈവത്തോടു അനുസരണം കാണിക്കാൻ ജഡത്തിനു കഴികയില്ല എന്നുള്ളതു ഒരു കാര്യം. എന്നാൽ ജഡം നിരുപദ്രവകാരിയല്ല. അതു ദൈവത്തെ അനുസരിക്കുകയില്ലെന്നു മാത്രമല്ല, ദൈവത്തോടു അനുസരണം കാണിക്കുന്ന ആത്മാവിനോടു പോരാടുകയും ചെയ്യുന്നു. അതിനാൽ

ജഡത്തെ വെറുതെ വിടാൻ പാടില്ല. ദൈവം തന്റെ പുത്രനെ ഭൂമിയിലേക്കു അയച്ചതു 'ന്യായപ്രമാണത്തിനു കഴിയാത്തതിനെ' സാധിക്കാനാണ് (റോമർ 8:2). ഉയരത്തിലുള്ള ദൈവത്തിങ്കലേക്കു കയറു കൊണ്ടുള്ള കോവണിയിലൂടെ പിടിച്ചു കയറാൻ 'ജഡത്തിന്റെ ബലഹീനത' നിമിത്തം മനുഷ്യനു കഴിഞ്ഞില്ല. ദൈവപുത്രൻ വന്നതു പാപജഡത്തിന്റെ 'സാദൃശ'ത്തിലാണ്. എന്നാൽ, പാപജഡത്തിലല്ല. (ഇവിടെയാണു യേശുവിന്റെ ജഡാവതാരത്തെക്കുറിച്ചു പലർക്കും ആശയക്കുഴപ്പമുണ്ടാകുന്നത്). യേശുവിന്റെ മാനുഷികത (human faculty) സജീവമായിരുന്നു. എന്നാലതു രാഗമോഹങ്ങളാൽ വിഷലിപ്തമായിരുന്നില്ല. മറ്റൊരുരീതിയിൽ പറഞ്ഞാൽ, യേശുവിലുണ്ടായിരുന്നതു മാനുഷികതയായിരുന്നു, അല്ലാതെ വിഷം വമിക്കുന്ന ജഡമല്ലായിരുന്നു. യേശു തന്റെ പരിശുദ്ധജീവിതം കൊണ്ടു 'പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു...'(റോമർ 8:2). അതായതു യേശു ജീവിതത്തിൽ ഒരിക്കൽപോലും മാനുഷികതയിൽ 'ജഡം' കലർത്തിയില്ല! പിതാവിനോടുള്ള അനുസരത്തിൽ മാത്രം അവൻ ജീവിച്ചു (ഫിലിപ്പിയർ 2:8).

ക്രിസ്തുയേശുവിലുള്ളവരും അങ്ങനെ തന്നെയാണു ജീവിക്കേണ്ടത്. 'ആത്മാവിൽ നാം ജീവിക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്യുക'. എന്നാൽ, ആത്മാവിനെ അനുസരിച്ചു നടക്കാൻ 'ജഡം' അത്ര പെട്ടെന്നു നമ്മെ അനുവദിക്കുകയില്ല. 'ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. അവ തമ്മിൽ പോരാട്ടത്തിലാണ്'. അപ്പോൾ, ആത്മാവിന്റെ ജീവിതം ജീവിക്കാൻ നാം എന്തു ചെയ്യണം? ശത്രുവായ ജഡത്തെ, പ്രവർത്തിക്കാൻ കഴിയാത്ത നിലയിൽ ബന്ധിക്കണം. അതിനു പൗലൊസ് ഉപയോഗിക്കുന്ന വാക്കാണ് 'ക്രൂശിക്കുക' എന്നത്. നാം ക്രൂശിക്കുന്നതു സൃഷ്ടിയിൽ ദൈവം നമുക്കു നൽകിയ 'മാനുഷിക ഘടകമല്ല. എന്റെ വിചാരങ്ങളുടെയും വികാരങ്ങളുടെയും തീരുമാനങ്ങളുടെയും ഇരിപ്പിടമായ മാനുഷിക ഘടകം ഞാൻ ക്രൂശിച്ചിട്ടില്ല. വാസ്തവത്തിൽ അതാണു എന്റെ സ്വത്വം. ഇപ്പോൾ ഞാൻ ദൈവത്തിന്റെ സമ്പൂർണ ഇഷ്ടം നിർവഹിക്കുന്നതു എന്റെ സ്വത്വ(being)ത്തിലാണ്. എനിക്കതിനു കഴിയുന്നതു എന്റെ സ്വത്വത്തിൽ ഇപ്പോൾ 'ജീവന്റെ ആത്മാവ്' വാഴുന്നതുകൊണ്ടാണ്.

**രാഗമോഹങ്ങൾ ജഡത്തിന്റെ കൈകാലുകളാണ്. അവയെ ക്രൂശിൽ ചേർത്തുകൊണ്ട് ആണിയടിക്കണം. ചിന്തകളുടെ ലോകത്തു ജഡം കടന്നു കയറാതിരിക്കാൻ തലയിൽ ഒരു മുൾക്കിരീടവും! മൂന്നാണികളും ഒരു മുൾക്കിരീടവും! അതു നിങ്ങൾക്കു നൽകുന്നതു ബന്ധനമല്ല, സ്വാതന്ത്ര്യമാണ്.**

'ജഡം' ആത്മാവിന്റെ വാഴ്ചയിൽ 'ഇടങ്കോലിടുവാൻ' പരിശ്രമിക്കാതിരിക്കില്ല. എന്നാൽ, രാഗമോഹങ്ങൾ ശേഷിക്കുന്നവർക്കേ ജഡത്തെ ഭയപ്പെടേണ്ടതുള്ളൂ. പ്രമാണമനുസരിച്ചു ദൈവത്തെ പ്രസാദിപ്പിക്കാൻ 'ജഡം' പരാജയപ്പെട്ടതുകൊണ്ടാണല്ലോ മനുഷ്യപുത്രൻ വന്ന് ദൈവഹിതത്തിന്റെ പൂർത്തീകരണം എന്ന മഹാദൗത്യം ആത്മാവിനെ ഭരമേൽപ്പിച്ചത്. എന്നാൽ, കമ്പനിയുടെ സുരക്ഷിതമായ നടത്തിപ്പിനു 'ജഡം' ഇടങ്കോലിടും എന്നറിയാവുന്ന ദൈവപുത്രൻ ജഡത്തിനു ഒരു ശിക്ഷ വിധിച്ചിട്ടുണ്ട്. ആത്മാവിന്റെ പ്രവർത്തനത്തിൽ ഒരു രീതിയിലും ഇടപെടാൻ കഴിയാത്ത വിധം ക്രൂശീകരണം! ജഡത്തെ അതിന്റെ ഏജന്റുകളായ രാഗമോഹങ്ങളോടുകൂടെ ക്രൂശിൽ തറയ്ക്കുക! ജഡത്തെ കയറൂരി വിട്ടിരിക്കുന്നവർക്കു ആത്മാവിനെ അനുസരിക്കാൻ കഴിയില്ല. രാഗമോഹങ്ങൾ ജഡത്തിന്റെ കൈകാലുകളാണ്. അവയെ ക്രൂശിൽ ചേർത്തുകൊണ്ട് ആണിയടിക്കണം. ചിന്തകളുടെ ലോകത്തു ജഡം കടന്നുകയറാതിരിക്കാൻ തലയിൽ ഒരു മുൾക്കിരീടവും! മൂന്നാണികളും ഒരു മുൾക്കിരീടവും! അതു നിങ്ങൾക്കു നൽകുന്നതു ബന്ധനമല്ല, സ്വാതന്ത്ര്യമാണ്. അതാണു യേശു ജീവിച്ചതുപോലെ ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. •

# സമ്പത് വ്യവസ്ഥയിലെ അനിശ്ചിതത്വം

**ലോ**കം സാമ്പത്തികപ്രതിസന്ധിയുടെ നടുവിൽ നട്ടം തിരിയുകയാണ്. മനുഷ്യബുദ്ധിയും നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യയും അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുമ്പോഴും, സമാധാനത്തിന്റെയും സമൃദ്ധിയുടെയും സ്വപ്നങ്ങൾക്ക് ഭീഷണിയാകുന്ന അനിശ്ചിതത്വം എവിടെയും ദൃശ്യമാണ്. വിപണികൾ കുലുങ്ങുന്നു, രാജ്യങ്ങളുടെ നാണയമൂല്യങ്ങൾ ഇടിയുന്നു, തൊഴിലവസരങ്ങൾ ചുരുങ്ങുന്നു, ജീവിതച്ചിലവുകൾപ്പോലും ദുസ്സഹമായിരിക്കുന്നു. ആഗോള സാമ്പത്തിക അനിശ്ചിതത്വം എന്ന പദം ഇന്ന് കേവലം ഒരു വാർത്ത മാത്രമല്ല, സാധാരണ കുടുംബങ്ങളുടെ ആശങ്കയായി മാറിക്കഴിഞ്ഞിരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന യുദ്ധങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും സമ്പത് വ്യവസ്ഥയെ തകർത്തുകളയുന്നു. തൽഫലമായി എണ്ണവില ഉയരുന്നു, വ്യാപാരബന്ധങ്ങൾ തകരുന്നു, ഗതാഗതച്ചിലവുകൾ വർധിക്കുന്നു. ഒരു രാജ്യത്തിലെ സംഘർഷം മറ്റൊരു രാജ്യത്തിന്റെ ഏറെക്കുറെ എല്ലാ മേഖലകളെയും പ്രതികൂലമായി ബാധിക്കുന്നു. നിരവധി വ്യവസായങ്ങൾ അടഞ്ഞു, അനേകർക്ക് തൊഴിൽ നഷ്ടമായി. പല രാജ്യങ്ങളും വൻ കടബാധ്യതകളിൽ അകപ്പെട്ടു. സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയും തൊഴിൽ മേഖലയെ ബാധിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നവീന സംവിധാനങ്ങൾ മനുഷ്യശേഷിയെ പരിമിതപ്പെടുത്തുമ്പോൾ തൊഴിൽസുരക്ഷയെക്കുറിച്ചുള്ള ഭയം സമൂഹത്തിൽ വളരുന്നു. അതോടൊപ്പം, കാലാവസ്ഥാവ്യതിയാനവും വലിയ സാമ്പത്തിക സമ്മർദ്ദമാണ് സൃഷ്ടിക്കുന്നത്. വെള്ളപ്പൊക്കം, വരൾച്ച, പ്രകൃതിദുരന്തങ്ങൾ എന്നിവ കൃഷിയെയും ഉത്പാദനത്തെയും തകർക്കുന്നു. ഭക്ഷ്യവിലകൾ കുതിച്ചുയരുന്നു. മക്കളുടെ പഠനച്ചെലവിനെക്കുറിച്ച് മാതാപിതാക്കൾ ആശങ്കപ്പെടുന്നു. കർഷകൻ വിളവിന്റെ വില കുറഞ്ഞതിൽ നിരാശനാകുന്നു. പഠനം പൂർത്തിയാക്കിയിട്ടും ജോലി ലഭിക്കാതെ അഭ്യസ്തവിദ്യർ ഭാവിയെക്കുറിച്ച് ഭയപ്പെടുന്നു. സാമ്പത്തിക അനിശ്ചിതത്വം സമൂഹത്തിൽ നിരാശയും അസ്വസ്ഥതയും വളർത്തുന്നു. സാമ്പത്തിക സുരക്ഷ ഇല്ലാതാകുമ്പോൾ മനുഷ്യന്റെ ആത്മവിശ്വാസവും തളരുന്നു.

എല്ലാ പ്രതിസന്ധികൾക്കും പരിഹാരവഴികൾ ഉണ്ടെന്നതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. രാജ്യങ്ങൾ യുദ്ധങ്ങളെയും വൈരാഗ്യങ്ങളെയും അവസാനിപ്പിച്ച് സഹകരണത്തിന്റെയും സമാധാനത്തിന്റെയും പാത സ്വീകരിക്കണം. സമാധാനമില്ലാതെ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ ഉണ്ടാകില്ല. പ്രാദേശിക ഉത്പാദനവും കാർഷികരംഗവും ശക്തിപ്പെടുത്തണം. വിദേശ ആശ്രയം കുറച്ച് സ്വയംപര്യാപ്തത വർധിപ്പിക്കുമ്പോൾ സാമ്പത്തിക ആഘാതങ്ങളെ ചെറുക്കാൻ രാജ്യങ്ങൾക്ക് കഴിയും. വിദ്യാഭ്യാസവും തൊഴിൽപരിശീലനവും കാലാനുസൃതമാക്കണം. പുതിയ സാങ്കേതികവിദ്യകളെ ഭയപ്പെടാതെ അവയെ കൈകാര്യം ചെയ്യാൻ യുവതലമുറയെ സജ്ജരാക്കേണ്ടത് അനിവാര്യമാണ്. പ്രകൃതിയെ നശിപ്പിച്ചുള്ള വളർച്ച താൽക്കാലിക ലാഭം മാത്രമേ നൽകൂ. ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തീർച്ചയായും പരീക്ഷണകാലമാണ്. വിവേകവും ദീർഘവീക്ഷണവും ഉള്ള നേതൃത്വവും ജനങ്ങളുടെ ഐക്യവും നീതിപൂർണ്ണമായ സാമ്പത്തിക നയങ്ങളും ഉണ്ടെങ്കിൽ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ മനുഷ്യരാശിക്ക് കഴിയും.

•

# ക്രൂശീകരണത്തിനായി വിളിക്കപ്പെട്ടവർ!

ശിഷ്യത്വത്തിന്റെ മാർഗ്ഗരേഖയിൽ കർത്താവ് പറയുന്നത് ഇങ്ങനെ: 'എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നവൻ തന്നെത്താൻ ത്യജിച്ച് പ്രതിദിനം തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ' (ലൂക്കോസ് 9:23). ക്രിസ്തുശിഷ്യന്റെ വിളിയിൽ സ്വയത്തിന്റെയും ജഡത്തിന്റെയും ക്രൂശീകരണം മുൻ വ്യവസ്ഥയാണ്. വിശുദ്ധ പൗലോസിന്റെ ദൈവശാസ്ത്രചിന്തയും ഇതോടൊപ്പം പ്രാധാന്യമുള്ളതാണ്. അത് ഇപ്രകാരം: 'ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടി കുരിശിൽ തറച്ചിരിക്കുന്നു' (ഗലാത്യർ 5:24)

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം മനുഷ്യനിൽ ആശ്രയിക്കുന്നതിനെ, ജഡത്തിൽ ആശ്രയിക്കുന്നു എന്നും വചനത്തിൽ കാണാം. ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു. അഥവാ ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്മേലും അതിന്റെ ശമ്പളമായ മരണത്തിന്മേലുമുള്ള സ്വാതന്ത്ര്യമാണ് ക്രിസ്തുശിഷ്യന് വിഭാവനം ചെയ്യുന്നത്. ലോകത്തിന്മേലും അതിന്റെ സമ്പ്രദായങ്ങളുടെ മേലുമുള്ള ക്രൂശീകരണവും ശിഷ്യത്വത്തിന്റെ റൂട്ട് മാപ്പിൽ ആലേഖനം ചെയ്തിട്ടുണ്ട്. ലോകത്തോടു ക്രൂശിക്കപ്പെടുവാൻ പ്രതിജ്ഞാബദ്ധനാകുന്ന ഒരു വ്യക്തിക്കു മാത്രമേ പുതിയ സൃഷ്ടിയുടെ വാഗ്ദാനങ്ങൾ അവകാശമാക്കാൻ കഴിയൂ. അതിനായി സ്വയത്തോടും ജഡത്തോടും ലോകത്തോടും ക്രൂശിക്കപ്പെടുവാൻ ക്രിസ്തുശിഷ്യൻ തയ്യാറാകണം. അതാണ് ഡിട്രിച് ബോൺ ഹോഫർ എന്ന ജർമ്മൻ രക്തസാക്ഷിയുടെ വാക്കുകളുടെ ശക്തി. അദ്ദേഹം പറയുന്നതിങ്ങനെ: 'യേശു ഒരുവനെ വിളിക്കുമ്പോൾ കടന്നുവന്നു മരിക്കുവാനാണ് അവിടുന്ന് വിളിക്കുന്നത്'.

അതേ, ദിനന്തോറുമുള്ള ക്രൂശീകരണത്തിലൂടെ മാത്രമേ ക്രിസ്തീയജീവിതം യാഥാർഥ്യമാകൂ. അതാണ് 'ഞാൻ ദിവസേന മരിക്കുന്നു'വെന്ന പൗലോസിന്റെ സാക്ഷ്യം വ്യക്തമാക്കുന്നത്. ഉവ്വ്, നമുക്കും നിത്യജീവന്റെ വാഗ്ദത്തങ്ങൾക്കായി ജഡത്തിലെയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കാം.

–എംസി


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

**Bank Account Details:**
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.


**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

**NERVEEDHI JUNE 2026**
RNI No. KERMAL/2012/46138 . Date of Publishing 10.06.2026 . Annual Subscription Rs.350/-

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




മനുഷ്യജീവിതം പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞതാണ്. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ ഫലപ്രദമായി നേരിടുന്നത് എങ്ങനെയെന്ന് ദൈവവചനത്തിന്റെയും നിരവധി ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ബ്രദർ ജോയ് എം. തോമസ് നിങ്ങളോട് വിശദീകരിക്കുന്നു.

ഇപ്പോൾ ലഭ്യമാണ്




**സന്തുഷ്ട കുടുംബജീവിതത്തിനൊരു മാർഗ്ഗരേഖ**

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

ഇപ്പോൾ ലഭ്യമാണ്

*Address for Communication :*
*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Ph:8589819293, 9495435336*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.